# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 34 – ാം വാർഷിക പൊതുയോഗം

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 34–ാമത് വാർഷിക പൊതുയോഗം 2025 ജൂലൈ 12–ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00ന് പി.ഒ.സി.യിൽവച്ച് നടത്തപ്പെടുന്നതാണ്. സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ അധ്യക്ഷതയിലായിരിക്കും പൊതുയോഗം.

## കാര്യപരിപാടി

| | |
|---|---|
| **പ്രാർഥന** | |
| **സ്വാഗതം** | **– ശ്രീ. ആന്റണി പാലിമറ്റം**<br>**(വൈസ് ചെയർമാൻ, കെ.സി.ബി.എസ്.)** |
| **അനുസ്മരണ പ്രാർഥനാശുശ്രൂഷ** | |
| **അധ്യക്ഷപ്രസംഗം** | **– റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**<br>**(ചെയർമാൻ, കെ.സി.ബി.എസ്.)** |
| **ആശംസ** | **– റവ. ഫാ. തോമസ് തറയിൽ**<br>**(ഡയറക്ടർ, പി.ഒ.സി.)** |
| **റിപ്പോർട്ടുകൾ** | **– റവ. ഡോ. ജോജു കോക്കാട്ട്**<br>**(സെക്രട്ടറി, കെ.സി.ബി.എസ്)** |
| **വാർഷിക കണക്കുകൾ** | **– റവ. സി. ഇസബെല്ല ഐഎഡ** CTC<br>**(ട്രഷറർ, കെ.സി.ബി.എസ്)** |
| **മാനേജിംഗ് കൗൺസിൽ ഇലക്ഷൻ** | |
| **ചർച്ചകൾ** | |
| **നന്ദി** | **– ശ്രീ. ജോസഫ് പന്തപ്ലാക്കൽ**<br>**(ജോ. സെക്രട്ടറി, കെ.സി.ബി.എസ്.)** |

**ശ്രീ. ആന്റണി പാലിമറ്റം**
**വൈസ് ചെയർമാൻ**

**ഡോ. ജോജു കോക്കാട്ട്**
**സെക്രട്ടറി**

**സി. ഇസബെല്ല ഐഎഡ** CTC
**ട്രഷറർ**

**ശ്രീ. ജോസഫ് പന്തപ്ലാക്കൽ**
**ജോ. സെക്രട്ടറി**

## ബൈബിൾ സൊസൈറ്റിക്കു വേണ്ടിയുള്ള പ്രാർഥന

*വചനത്താൽ സർവവും സൃഷ്ടിച്ച പിതാവേ, അങ്ങേക്കു സ്തുതി. മാംസം ധരിച്ച വചനമേ, അങ്ങേക്ക് ആരാധന. വചനത്തിനു കന്യകാമറിയത്തിന്റെ ഉദരത്തിൽ മനുഷ്യരൂപം പ്രദാനം ചെയ്ത പരിശുദ്ധാത്മാവേ, അങ്ങേക്കു മഹത്ത്വം.*

*'പാദത്തിനു വിളക്കും പാതയിൽ പ്രകാശവു'മായ വചനം ജീവിതവീഥിയിൽ ഞങ്ങൾക്കു വഴികാട്ടിയാകട്ടെ! തമസ്സിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽനിന്നു സത്യത്തിലേക്കും മൃതിയിൽനിന്ന് ജീവനിലേക്കുമുള്ള ഞങ്ങളുടെ പ്രയാണത്തെ ത്വരിതപ്പെടുത്തിയാലും. തിന്മയുടെ ഗർത്തത്തിൽനിന്നു നന്മയുടെ തീരങ്ങളിലേക്കും ദു:ഖദുരിതങ്ങളുടെ മരുഭൂമിയിൽനിന്നു സംതൃപ്തിയുടെ നീരുറവകളിലേക്കും അസമാധാനത്തിന്റെ യുദ്ധഭൂവിൽനിന്ന് സമാധാനത്തിന്റെ പൂവാടിയിലേക്കും ഞങ്ങൾ നീങ്ങട്ടെ.*

*കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അംഗങ്ങളെന്നനിലയിൽ ഞങ്ങളുടെ കടമകൾ ഭംഗിയായി നിറവേറ്റുവാൻ ഞങ്ങൾക്കു കഴിയട്ടെ. വചനം വായിക്കാനും ധ്യാനിക്കാനും ഗ്രഹിക്കാനും ജീവിക്കാനും ഞങ്ങളെ പ്രചോദിപ്പിക്കണമേ. സഭാമക്കൾ എല്ലാവരും സൊസൈറ്റിയിൽ അംഗങ്ങളായി ചേരുന്നതിനും ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസസാക്ഷ്യമായി ഞങ്ങളുടെ പ്രവർത്തനങ്ങൾ മാറുന്നതിനും ഇടയാക്കണമേ. എല്ലാ സൊസൈറ്റി അംഗങ്ങളിലും സാരഥികളിലും വചനപ്രചോദിതമായ ഉണർവും പ്രേഷിതതീക്ഷ്ണതയും ഉളവാക്കണമേ. തിരുവചനോപാസകരായി, പരസ്നേഹനിർഭരരായി സഭയിലും ലോകത്തിലും ഞങ്ങൾ വളരട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, ആമേൻ.*

# കെ.സി.ബി.സി.
# ബൈബിൾ പാരായണ മാസവും
# ബൈബിൾ ഞായറാചരണവും

പ്രിയമുള്ളവരേ,

വചനം മാംസം ധരിച്ചതിന്റെ 2025 ജൂബിലി വർഷത്തിലേക്ക് ആഗോളസഭ പ്രവേശിക്കുന്നു. ക്രിസ്തുമസ് രാവിനെ വരവേൽക്കുവാൻ ഡിസംബർ മാസംമുഴുവൻ ബൈബിൾ പാരായണമാസമായും, ഡിസംബർ 22 "ബൈബിൾ ഞായറായും" ആചരിച്ചുകൊണ്ട് കേരള കത്തോലിക്ക സഭയും ഒരുങ്ങുകയാണ്. കേരളസഭ മറ്റൊരു അപൂർവമായ ഒരു ജൂബിലി നേട്ടത്തിലേക്ക് പ്രവേശിക്കുന്നു. ലോകത്തിലെതന്നെ ഏറ്റവും വലിയതെന്നു കരുതപ്പെടുന്ന ലോഗോസ് ദൈവവചന ക്വിസ്സിന്റെ 25 വർഷം പൂർത്തീകരിക്കുന്നു.

വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിലെ 5,5ൽനിന്നുള്ള "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" 'spes non confudit' എന്ന തിരുവചനമാണ് 2025 ജൂബിലി വർഷത്തിലെ തിരുവെഴുത്തിന്റെ കേന്ദ്രവിഷയമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ തെരെഞ്ഞെടുത്തിരിക്കുന്നത്. ക്രിസ്തുവിലുള്ള രക്ഷയെക്കുറിച്ചുള്ള സുനിശ്ചിതാവസ്ഥ ഏത് പ്രതിസന്ധിഘട്ടത്തെയും തരണം ചെയ്യാമെന്നുള്ള പ്രത്യാശ നമുക്കു പകരും. ജൂബിലിയെന്നുള്ളത് നമ്മുടെ രക്ഷയുടെ 'കവാട'മായ (cf യോഹ 10,7-9) യേശുക്രിസ്തുവുമായുള്ള യഥാർഥവും വ്യക്തിപരവുമായ കണ്ടുമുട്ടലിന്റെ അവസരമാണ്. 'നമ്മുടെ പ്രത്യാശ'യായ (1 തിമോ 1,1) ക്രിസ്തുവിനെ പ്രഘോഷിക്കുകയാണ് സഭയുടെ ഉത്തരവാദിത്വം. നാളെ എന്തായിരിക്കും എന്ന അനിശ്ചിതത്വം മനസിൽ നിറയുമ്പോഴും എല്ലാം നന്മയ്ക്കായി ഭവിക്കും (റോമാ 8,28) എന്ന "പ്രത്യാശ" നമ്മെ വഴിനടത്തുന്നു. ഈ "പ്രത്യാശ" ക്രിസ്തുവാണ്. 'നമ്മുടെ പ്രത്യാശയായ' (1തിമോ 1,1) യേശുക്രിസ്തുവിനെ കണ്ടെത്തുവാൻ ദൈവവചനം നമ്മെ സഹായിക്കുന്നു.

ക്രൈസ്തവജീവിതം ഈ പ്രത്യാശയെ കണ്ടെത്തുന്നതിനും അനുഭവിക്കുന്നതിനും നിലനിറുത്തുന്നതിനുമുള്ള കൂടുതൽ തീക്ഷ്ണമായ നിമിഷങ്ങൾ ആവശ്യപ്പെടുന്ന ഒരു യാത്രയാണ്. "കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ, കർത്താവിന് വേണ്ടി കാത്തിരിക്കുവിൻ" (സങ്കീ 27,14) എന്ന സങ്കീർത്തനവചനം തീർഥാടകരായ ഓരോ വിശ്വാസിക്കും പ്രതീക്ഷയുടെ വെളിച്ചമാകട്ടെ. ആരെയും നിരാശപ്പെടുത്താത്ത നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിലേക്ക് എല്ലാവരേയും കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന ദൈവവചനത്തെ ഹൃദയത്തിൽനിറച്ച് ഈ വർഷത്തെ ബൈബിൾ പാരായണമാസത്തെയും ജൂബിലി വർഷത്തെയും നമുക്ക് വരവേൽക്കാം. പ്രത്യാശ മാംസം ധരിച്ച യേശുവിന്റെ

തിരുപ്പിറവിക്കായി ദൈവവചന പാരായണ മാസത്തിലൂടെ, നമുക്ക് ഒരുങ്ങാം. “പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല” എന്ന തിരുവെഴുത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യാശയുടെ കാരണം കണ്ടെത്താൻ ദൈവവചന പാരായണത്തിലൂടെയും വചന വിചിന്തനത്തിലൂടെയും നമുക്കു പരിശ്രമിക്കാം.

**കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും**

കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വചനചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്. ഈ ജൂബിലി വർഷത്തിൽ വചനനിറവിലേക്ക് കേരളസഭയെ നയിക്കുന്നതിനായി വൈവിധ്യമാർന്ന ബൈബിൾ ശുശ്രൂഷകൾ ഫലപ്രദമായി ചെയ്തുവരുന്നു. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും സൈൻബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. പി.ഒ.സി. ബൈബിൾ സമ്പൂർണ്ണമായി പരിഷ്ക്കാരം നടത്തി പ്രസിദ്ധീകരിച്ചു. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ഇപ്പോൾ കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും കേൾവിബുദ്ധിമുട്ടുള്ളവർക്കുവേണ്ടിയുള്ള പ്രത്യേക ലോഗോസ് പരീക്ഷയും ഉൾചേർത്ത് വിപുലമാക്കിയിട്ടുണ്ട്. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ആഴത്തിൽ ബൈബിൾ വിജ്ഞാനംപകരുന്ന അംഗത്വം 14000 കടന്നു. ബൈബിളിലെ വിവിധ പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ ആധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടക്കുന്നു. ബൈബിൾ അഖണ്ഡപാരായണവും, വചനമെഴുത്തും ഒരു ആധ്യാത്മികചര്യ ആക്കാനുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഇതിനകം സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്ന ലക്ഷ്യത്തിലും ഇപ്പോൾ മുന്നേറുകയാണ്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

ഡിസംബർ 22-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പോസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച ദിവ്യബലി മധ്യേലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർഥിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരു ശരീരമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾ സഹായകമാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ ജൂബിലിവർഷത്തി

ലേക്ക് കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം. 2025ലെ 25–ാമത് ലോഗോസ് ക്വിസ് എല്ലാ രൂപതകളും ഇടവകകളും കുടുംബക്കൂട്ടായ്മകളും യുവജനങ്ങളും വേദപാഠവിദ്യാർഥികളും ഒന്നുചേർന്ന് വിജയമാക്കണമെന്ന് താല്പര്യപ്പെടുന്നു. കേരളസഭയുടെ അഭിമാനമായ ലോഗോസ് ക്വിസ് ഒരു മത്സരമെന്നതിലുപരി വചനപഠനവേദിയാണെന്ന് തിരിച്ചറിഞ്ഞ് കൂടുതൽപേരെ വചനത്തിലേക്കടുപ്പിക്കാൻ ഏവരും ഉത്സാഹിക്കേണ്ടതാണ്.

ദൈവവചന പ്രഘോഷണപ്രവർത്തനങ്ങളിലൂടെ പ്രത്യാശയുടെ പ്രവാചകരായി ഈ വരുന്ന ജൂബിലിയെ എതിരേൽക്കാൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, പ്രത്യാശ നമ്മിൽ നിറയ്ക്കുന്ന മനുഷ്യാവതാര തിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)
**+ ബിഷപ് ജോൺ നെല്ലിക്കുന്നേൽ**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

## കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2024–2025 ലെ വാർഷിക റിപ്പോർട്ട്

കേരള സഭയുടെ ബൈബിൾ പ്രേഷിതത്വമേഖലയിൽ സഭാമക്കൾക്ക് ഒന്നിച്ചുപ്രവർത്തിക്കുന്നതിന് വേദിയൊരുക്കുക എന്ന ലക്ഷ്യവുമായി 1990–ൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സ്ഥാപിതമായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അതിന്റെ ജൈത്രയാത്ര തുടങ്ങിയിട്ട് 34 വർഷങ്ങൾ പിന്നിടുന്നു. കേരളസഭയിൽ സഭാമക്കളുടെ പങ്കാളിത്തത്തോടെ വിശുദ്ധഗ്രന്ഥശുശ്രൂഷയിൽ വിപ്ലവകരമായ മുന്നേറ്റങ്ങൾ നടത്തിയ ബൈബിൾ സൊസൈറ്റിയുടെ 33–ാമത് വാർഷിക റിപ്പോർട്ട് ഞാനിവിടെ അവതരിപ്പിക്കട്ടെ. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

### യോഗങ്ങൾ

2024–2025 പ്രവർത്തനവർഷത്തിൽ വാർഷിക പൊതുയോഗവും (29 ജൂൺ 2024) രണ്ട് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും (21 ജൂൺ 2024; 08 ഫെബ്രുവരി 2025; ആറ് മാനേജിംഗ് കൗൺസിൽ യോഗങ്ങളും (21 ഏപ്രിൽ 2024; 30 ഏപ്രിൽ 2024; 21 ജൂൺ 2024; 25 സെപ്റ്റംബർ 2024; 27 ഒക്ടോബർ 2024; 08 ഫെബ്രുവരി 2025) ചേർന്നു.

### കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ മീറ്റിംഗ് 21.04.2024

കേരളകാത്തലിക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ യോഗം 21.04.2024 ഞായറാഴ്ച വൈകീട്ട് 8.45ന് ഗൂഗിൾ മീറ്റിൽ ഓൺലൈനായി കൂടുകയുണ്ടായി. സെക്രട്ടറി റവ. ഡോ. ജോജു കോക്കാട്ട് പ്രാർഥനയ്ക്ക് നേതൃത്വം നല്കുകയും സ്വാഗതമാശംസിക്കുകയും ചെയ്തു. തുടർന്ന് നടന്ന ചർച്ചയിൽ 2025ലെ 25–ാമത് ലോഗോസ് ക്വിസ്സിന്റെ പാഠഭാഗങ്ങൾ നിശ്ചയിച്ചു. 2024ന്റെ തുടർച്ചയായി ന്യായാധിപന്മാർ 11–21; പ്രഭാഷകൻ 41–50; ലൂക്കാ 17–24; എഫേസോസ് 1–6 പഠനഭാഗങ്ങളായി തീരുമാനിച്ചു.

സൊസൈറ്റിയുടെ ഇന്റേണൽ ഓഡിറ്റിംഗ് നടത്തുന്നതിന് ശ്രീ. തോമസ് പോൾ, മുൻ ജോയിന്റ് സെക്രട്ടറി ശ്രീമതി. കൊച്ചുത്രേസ്യ സൈമൺ, മാനേജിംഗ് കൗൺസിൽ അംഗം ശ്രീ. ഫ്രാൻസിസ് ജോർജ് എന്നിവരെ യോഗം നിർദേശിച്ചു.

അടുത്ത മാനേജിംഗ് കൗൺസിൽ യോഗം ഏപ്രിൽ 30ന് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ വൈസ്ചെയർമാൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനോടൊപ്പം ഇടുക്കിയിൽവച്ച് നടത്തുവാൻ തീരുമാനിച്ചു.

ഈ വർഷത്തെ വാർഷികപൊതുയോഗം 2024 ജൂൺ 29നാണെന്ന് സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു. ബൈബിൾ സൊസൈറ്റി അംഗങ്ങൾക്കായി ഉത്പത്തിചരിതം എന്ന പുസ്തകം പ്രിന്റ് ചെയ്ത് നല്കാൻ തീരുമാനിച്ചു. സെക്രട്ടറി അച്ചന്റെ ആശീർവാദത്തോടെ യോഗം 9.15ന് സമാപിച്ചു. 13 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

### കേരളകാത്തലിക് ബൈബിൾസൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 30–04–2024

കേരളകാത്തലിക് ബൈബിൾസൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 30–04–2024ൽ ഇടുക്കി രൂപതയുടെ ബിഷപ് ഹൗസിൽവച്ച് ഉച്ചകഴിഞ്ഞ് 2.30ന് ചേരുകയുണ്ടായി. ശ്രീമതി കവിത ജിസ്മോൻ ഈശ്വരപ്രാർഥ

നയ്ക്ക് നേതൃത്വം നല്കി. സെക്രട്ടറി ഫാ. ജോജു കോക്കാട്ട് അഭിവന്ദ്യ ജോൺ നെല്ലിക്കുന്നേൽ പിതാവിനെയും മറ്റെല്ലാ അംഗങ്ങളെയും സ്വാഗതം ചെയ്തു. ഒരു ഒഫിഷ്യൽ മീറ്റിംഗിനപ്പുറം ബൈബിൾ സൊസൈറ്റിയുടെ വൈസ്ചെയർമാനായ അഭിവന്ദ്യ ജോൺ നെല്ലിക്കുന്നേൽ പിതാവുമൊത്തുള്ള ഒരു സ്നേഹകൂട്ടായ്മയാണിതെന്ന് സെക്രട്ടറിയച്ചൻ ആമുഖപ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി.

ജോയിന്റ് സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അത് പാസാക്കി. സെക്രട്ടറിയച്ചൻ അജണ്ട അവതരിപ്പിച്ചു. ജൂബിലി ലോഗോസ് ക്വിസിൽ പങ്കാളിത്തത്തിന്റെ എണ്ണം 5ലക്ഷത്തിൽനിന്ന് 10ലക്ഷത്തിലേക്ക് ഉയർത്താൻ എല്ലാ എക്സിക്യൂട്ടീവ്-മാനേജിംഗ് കൗൺസിൽ അംഗങ്ങളും ഉത്തരവാദിത്വം ഏറ്റെടുക്കണം എന്ന നിർദേശം ഉണ്ടായി. ജൂബിലി വർഷത്തിലെ സമ്മാനങ്ങൾ കുറച്ചുകൂടി ആകർഷകമാക്കാനും അംഗങ്ങൾ നിർദേശിച്ചു.

അഭിവന്ദ്യ പിതാവ് എല്ലാ എക്സിക്യൂട്ടീവ്-മാനേജിംഗ് കൗൺസിൽ അംഗങ്ങളെയും പരിചയപ്പെട്ടു. അതിനുശേഷം അധ്യക്ഷപ്രസംഗമായിരുന്നു. ഇടുക്കി രൂപതയെയും രൂപതയുടെ എല്ലാ പ്രവർത്തനങ്ങളെയും പറ്റി പിതാവ് അധ്യക്ഷപ്രസംഗത്തിൽ പങ്കുവച്ചു. വളരെ ത്യാഗപൂർവം ഇടുക്കിയിൽ എത്തിച്ചേർന്ന എല്ലാ അംഗങ്ങൾക്കും പിതാവ് നന്ദിയർപ്പിച്ചു.

തുടർന്ന് പിഒസി ബൈബിൾ ആപ്പ് നവീകരിച്ച വേർഷൻ അഭിവന്ദ്യ ജോൺ നെല്ലിക്കുന്നേൽ പിതാവ് ലോഞ്ച് ചെയ്തു.

മറ്റ് വരുമാനം ഇല്ലാതെ കാർഷികമേഖലയിൽ മാത്രം ആശ്രയിച്ചുകഴിയുന്ന രൂപതയാണിതെന്നും നല്ല മനസ്സുള്ള ആളുകളാണ് ഈ രൂപതയുടെ കെട്ടുറപ്പെന്നും ടോണി അച്ചൻ ആശംസാപ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. അഭിവന്ദ്യ പിതാവിന്റെ സ്നേഹത്തിനും കരുതലിനും നന്ദിയർപ്പിച്ചുകൊണ്ട് ആശംസാപ്രസംഗം അവസാനിച്ചു.

മീറ്റിംഗിൽ സംബന്ധിച്ച എല്ലാവരും പുതിയനിയമം ബൈബിൾ അഭിവന്ദ്യ പിതാവിൽനിന്നും സമ്മാനമായി ഏറ്റുവാങ്ങി.

തുടർന്ന് വൈസ്ചെയർമാൻ അഭിവന്ദ്യ പിതാവിനും മറ്റെല്ലാ അംഗങ്ങൾക്കും നന്ദിയർപ്പിച്ചു. ജൂബിലി ലോഗോസ് ക്വിസിൽ 5ലക്ഷത്തിൽനിന്നും 10ലക്ഷം ആളുകളെ പങ്കെടുപ്പിക്കാനുള്ള കാര്യപരിപാടികൾ നടപ്പിലാക്കേണ്ടത് ഓരോരുത്തരുടേയും ഉത്തരവാദിത്വമാണെന്ന് വൈസ്ചെയർമാൻ സൂചിപ്പിച്ചു.

അഭിവന്ദ്യ പിതാവിന്റെ ആശിർവാദത്തോടെ യോഗം 3.15ന് അവസാനിച്ചു. 20 അംഗങ്ങൾ പങ്കെടുത്തു.

## കേരളകാത്തലിക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടിവ് മീറ്റിംഗ്

**21-06-2024**

കേരളകാത്തലിക്ക് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടിവ് മീറ്റിംഗ് 21-06-2024ന് പി.ഒ.സിയിൽവച്ച് 10.30ന് കൂടുകയുണ്ടായി. വാർഷികപൊതുയോഗത്തിനു മുന്നോടിയായി ചേർന്ന മീറ്റിംങ്ങ് സി. ലിസ്സി ദേവസ്സിയുടെ ഈശ്വര പ്രാർഥനയോടെ ആരംഭിച്ചു. സെക്രട്ടറി അച്ചൻ ഭാരവാഹികൾക്ക് സ്വാഗതമാശംസിക്കുകയും യോഗത്തിന്റെ അജണ്ട അവതരിപ്പിക്കുകയും ചെയ്തു. ജോയിന്റ് സെക്രട്ടറി മുൻയോഗ റിപ്പോർട്ട് വായിച്ചു. അംഗങ്ങൾ അത് പാസാക്കി. വിശദമായ ചർച്ചകൾ മാനേജിംഗ് കൗൺസിലിൽ വയ്ക്കാം എന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ജോയിന്റ് സെക്രട്ടറി, ജോസഫ് പന്തപ്ലാക്കൽ ഏവർക്കും നന്ദി അർപ്പിച്ചു. 8 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

## കേരളകാത്തലിക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ മീറ്റിംഗ് 21-06-2024

കേരളകാത്തലിക്ക് ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ യോഗം 21-06-2024ന് പി.ഒ.സിയിൽവച്ച് 11.00ന് കൂടുകയുണ്ടായി. വാർഷിക പൊതുയോഗത്തിനു മുന്നോടിയായി ചേർന്ന മീറ്റിംഗിൽ സെലിൻ ജോസഫ്, ഡാലി വിൻസന്റ് എന്നിവർ ഈശ്വരപ്രാർഥനയ്ക്ക് നേതൃത്വം നല്കി. സെക്രട്ടറി, ഫാ. ജോജു കോക്കാട്ട് എല്ലാ ഭാരവാഹികളെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് അനുഗ്രഹപ്രഭാഷണമായിരുന്നു. വളരെ ലളിതവും ഹൃദ്യവുമായി പി.ഒ.സി. ഡയറക്ടർ ജേക്കബ് പാലയ്ക്കാപിള്ളി അച്ചൻ സംസാരിക്കുകയുണ്ടായി. മീറ്റിംഗിന് ആശംസകൾ നേർന്നുകൊണ്ട് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് അച്ചൻ കൂട്ടിച്ചേർത്തു.

തുടർന്ന് ജോയിന്റ് സെക്രട്ടറി മുൻയോഗ റിപ്പോർട്ടും സൊസൈറ്റിയുടെ പ്രവർത്തനറിപ്പോർട്ടും അവതരിപ്പിച്ചു. റിപ്പോർട്ട് മാനേജിംഗ് കൗൺസിൽ പാസാക്കി.

അതിനുശേഷം 2023-2024 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് ചെയ്ത കണക്കുകൾ ട്രഷറർ സി. ഐഡ വായിച്ചു. ബാലൻസ്ഷീറ്റും, ഓഡിറ്റ് റിപ്പോർട്ടും ഓഡിറ്റർ ശ്രീ. എം. ജെ. ജോസ് അവതരിപ്പിച്ചു. തുടർന്ന് കണക്കിനെ സംബന്ധിച്ചുള്ള സംശയങ്ങൾ അംഗങ്ങൾ ഉന്നയിച്ചു. ബൈബിൾ വില്പനയിലൂടെ ലഭിക്കുന്ന തുക ബൾക്കായി ബാങ്കിൽ നിക്ഷേപിക്കുന്നതിലും നല്ലത് സ്കാനർ ഉപയോഗിച്ച് ബാങ്കിലേക്ക് നേരിട്ട് പേയ്മെന്റ് നടത്തുന്നതാണ് എന്ന അഭിപ്രായം ഉണ്ടായി. ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് സെക്രട്ടറി അച്ചൻ അവതരിപ്പിച്ചു. TDSനെ സംബന്ധിക്കുന്ന സംശയങ്ങൾ അംഗങ്ങൾ ഉന്നയിച്ചു, അതിന് വ്യക്തമായ മറുപടി ഓഡിറ്റർ നല്കി. TDS നെ സംബന്ധിക്കുന്ന ബാങ്ക് അക്കൗണ്ടും സൊസൈറ്റിയുടെ പ്രധാനപ്പെട്ട അക്കൗണ്ടുകളും ഡൊണേഷനു വേണ്ടിയുള്ള അക്കൗണ്ടും നിലനിർത്തിക്കൊണ്ട് ബാക്കിയുള്ള രണ്ട് അക്കൗണ്ടുകളും ക്ലോസ് ചെയ്യാൻ യോഗം നിർദേശം വച്ചു. ലോഗോസിന്റെ വരവ് ചിലവ് കണക്കുകൾ യോഗം വിലയിരുത്തി. രജിസ്ട്രേഷൻ ഫീസിലുണ്ടായ വർധനവിന്റെ പ്രധാന ലക്ഷ്യം രൂപതാ ബൈബിൾ അപ്പസ്തോലേറ്റുകളെ ശക്തിപ്പെടുത്തുക എന്നുള്ളതാണ് എന്ന് സെക്രട്ടറി അച്ചൻ അറിയിച്ചു. സാലറിയെ സംബന്ധിച്ച് ഉന്നയിച്ച സംശയത്തിന് മുൻസെക്രട്ടറിമാരോട് ആരാഞ്ഞ് മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ അടുത്ത മീറ്റിംഗിൽ തീരുമാനിക്കാം എന്ന് സെക്രട്ടറി അച്ചൻ മറുപടി നല്കി. ബുള്ളറ്റിൻ അയക്കുന്നതിൽ നല്ലൊരുഭാഗം തിരിച്ചുവരുന്നുണ്ട് അതിന് വേണ്ട നടപടികൾ കൈകൊള്ളണം എന്ന നിർദേശം വന്നു. ലോഗോസ് ബുള്ളറ്റിൻ ഓൺലൈൻ ആക്കുന്നതിനെ സംബന്ധിച്ച് നിർദേശം ഉണ്ടായി. ഇത് മുമ്പ് വാർഷികപൊതുയോഗത്തിൽ ചർച്ചയ്ക്ക് വച്ചിരുന്നെന്നും എതിർപ്പുകൾ ഉണ്ടായിരുന്നെന്നും വൈസ്ചെയർമാൻ ഓർമിപ്പിച്ചു. പോസ്റ്റ് ചെയ്യുന്നതിലൂടെ ലോഗോസ് ബുള്ളറ്റിൻ ലഭിക്കുന്നത് ഈ പ്രസ്ഥാനം ഇപ്പോഴും നിലനിൽക്കുന്നു എന്ന് മനസിലാക്കാൻ സഹായകമാണ് എന്ന് യോഗം അഭിപ്രായപ്പെട്ടു. തുടർന്ന് കണക്കുകൾ പാസാക്കി.

മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്ക് ന്ലകുന്ന പരിഷ്ക്കരിച്ച ബൈബിളിന്റെ ആദ്യ കോപ്പി വായിച്ചുനോക്കി നവംബർ മാസത്തോടുകൂടെ നിർദേശങ്ങൾ എഴുതി നൽകണമെന്ന് സെക്രട്ടറി അച്ചൻ അറിയിച്ചു.

മാനേജിംഗ് കൗൺസിൽ അംഗങ്ങളിൽനിന്നും രൂപതയിലേക്ക് ലോഗോസ് ക്വിസ് ആനിമേറ്റർ ആയി ഓരോരുത്തരെ തിരഞ്ഞെടുക്കുകയും കൃത്യമായ ഒരു ലിസ്റ്റ് ഗ്രൂപ്പിൽ അറിയിക്കുകയും ചെയ്യാമെന്ന് വൈസ് ചെയർമാൻ അറിയിച്ചു. ആനിമേറ്റർമാരിലൂടെ ലോഗോസ് എഴുതുന്നവരുടെ എണ്ണം 5ലക്ഷത്തിൽനിന്ന് 10ലക്ഷം ആക്കാൻ സാധിക്കുമെന്ന് യോഗം അഭിപ്രാ

യപ്പെട്ടു. ലോഗോസ് ക്വിസിന്റെ സമയക്രമത്തിൽ മാറ്റം വരണം എന്ന നിർദേശം വന്നു. സമയക്രമത്തിൽ മാറ്റം വരുത്തുക സാധ്യമാകുകയില്ല എന്ന് അച്ചൻ അറിയിച്ചു. വാർഷികപൊതുയോഗത്തിൽ MCയായി മെൽക്കം ഓസ്റ്റിൻ ഓബി തിരഞ്ഞെടുക്കപ്പെട്ടു. വൈസ്ചെയർമാൻ ആന്റണി പാലിമറ്റം ഏവർക്കും നന്ദി അർപ്പിച്ചു. സെക്രട്ടറി അച്ചന്റെ ആശിർവാദത്തോടെ യോഗം 1.15 ന് അവസാനിച്ചു. 18 അംഗങ്ങൾ പങ്കെടുത്തു.

## കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ജനറൽബോഡി യോഗം

**29-06-2024 @ 2.00 P.M**

കേരള ബൈബിൾ സൊസൈറ്റിയുടെ വാർഷിക പൊതുയോഗം 2024 ജൂൺ 29ന് പി.ഒ.സി.യിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മണിക്ക് നടന്നു. റവ. സി. നീതു CTC യുടെ പ്രാർഥനാഗീതത്തോടെ യോഗ നടപടികൾ ആരംഭിച്ചു. വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം അഭിവന്ദ്യപിതാവിനെയും എല്ലാ ഭാരവാഹികളെയും സൊസൈറ്റി അംഗങ്ങളെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

തുടർന്ന് മരണംമൂലം വേർപെട്ട എല്ലാ സൊസൈറ്റി അംഗങ്ങൾക്ക് വേണ്ടിയും അഭിവന്ദ്യപിതാവിന്റെ നേതൃത്വത്തിൽ അനുസ്മരണ പ്രാർഥന ശുശ്രൂഷ നടത്തി. അതിനുശേഷം വാർഷിക യോഗറിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും സെക്രട്ടറി, ഫാ. ജോജു കോക്കാട്ട് അവതരിപ്പിച്ചു. തുടർന്ന് റിപ്പോർട്ടുകൾ യോഗം പാസാക്കി.

ശേഷം സൊസൈറ്റിയുടെ ട്രഷറർ, റവ. സി. ഇസബെല്ല ഐഡ CTC വാർഷിക കണക്കുകൾ അവതരിപ്പിക്കുകയും ഓഡിറ്റർ ശ്രീ. M.J ജോസ് ഓഡിറ്റ് റിപ്പോർട്ട് വായിക്കുകയും ചെയ്തു. ബൈബിൾ സൊസൈറ്റിയുടെ ഇന്റേണൽ ഓഡിറ്റർമാരിലൊരാളായ ശ്രീ. തോമസ് പോൾ കണക്കുകൾ വളരെ കൃത്യതയോടെ ചെയ്തിട്ടുള്ളതിനെപ്പറ്റി സംസാരിച്ചു. ഇന്റേണൽ ഓഡിറ്റേഴ്സായ ശ്രീ. തോമസ് പോൾ, ശ്രീ. ഫ്രാൻസിസ് ജോർജ്, ശ്രീമതി. കൊച്ചുത്രേസ്യ സൈമൺ എന്നിവർക്ക് സെക്രട്ടറിയച്ചൻ നന്ദിയർപ്പിച്ചു.

ലോഗോസിനുവേണ്ടി നല്കിയിട്ടുള്ള എൻഡോമെന്റുകൾ തുടക്കകാലങ്ങളിൽ റിപ്പോർട്ട് ബുക്കുകളിൽ നല്കിയിരുന്ന കാര്യം സൊസൈറ്റി അംഗം ഓർമിപ്പിച്ചു. അടുത്ത ലോഗോസ് ബുള്ളറ്റിനിൽ അതുകൂടി ഉൾപ്പെടുത്താമെന്ന് സെക്രട്ടറി അച്ചൻ അറിയിച്ചു. എന്റോമെന്റുകൾ നല്കിയിട്ടുള്ളവരുടെ പേരുകളും തുകയും സെക്രട്ടറിയച്ചൻ വായിക്കുകയുണ്ടായി. എന്റോമെന്റുകൾ നൽകിയിട്ടുള്ള എല്ലാവർക്കും സെക്രട്ടറിയച്ചൻ നന്ദിയർപ്പിക്കുകയും യോഗം അഭിനന്ദിക്കുകയും ചെയ്തു. കണക്കുകൾ യോഗം പാസാക്കി. തുടർന്ന് സെക്രട്ടറി അച്ചൻ ബഡ്ജറ്റ് അവതരിപ്പിക്കുകയും യോഗം പാസാക്കുകയും ചെയ്തു. യോഗത്തിൽ ആദ്യമായി പങ്കെടുക്കാനെത്തിയ ഒരു വ്യക്തി അംഗത്വം എടുക്കുന്നതിന് ആഗ്രഹം പ്രകടിപ്പിച്ചു. അല്മായ നേതൃത്വത്തോടുകൂടിയ ബൈബിൾ പ്രേഷിതത്വമാണ് ബൈബിൾ സൊസൈറ്റി. ബൈബിൾ പ്രചരണമാണ് ഇതിന്റെ ലക്ഷ്യം. മെംബർഷിപ് വഴി ലഭിച്ചിട്ടുള്ള 2കോടി രൂപയുടെ ആസ്തിയിൽനിന്നും വരുമാനമായി ലഭിക്കുന്ന 25ലക്ഷം രൂപകൊണ്ടാണ് ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എല്ലാം നടന്നുപോകുന്നത്. മുഖ്യമായ പ്രവർത്തനങ്ങളാണ് ലോഗോസ് ബൈബിൾ ക്വിസ്, സബ്സിഡി ബൈബിൾ, ബൈബിൾ ക്ലാസുകൾ എന്നിവ. മൂന്ന് വർഷത്തിലൊരിക്കൽ നടക്കുന്ന ഇലക്ഷനിൽ അംഗങ്ങളിൽനിന്നും 27പേർ എക്സിക്യൂട്ടിവ്- മാനേജിംഗ് കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും സൊസൈറ്റിയുടെ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. വർഷത്തിലൊരിക്കൽ നടക്കുന്ന വാർഷികപൊതുയോഗത്തിൽ അംഗങ്ങൾ എല്ലാവരും ഒരുമിച്ചുകൂടുന്നു. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ചേർത്തുവച്ചുകൊണ്ട് ഒരു ബുക്ക്ലെറ്റ് എല്ലാ വർഷവും അംഗങ്ങൾക്ക് അയച്ചു നല്കും.

അംഗത്വമെടുക്കുന്ന സമയത്ത് ഒരു ബൈബിളും പിന്നീടുള്ള വർഷങ്ങളിൽ ബൈബിൾ സബ്സിഡി നിരക്കിലും ലഭ്യമാക്കുന്നു. അംഗത്വമെടുക്കുന്നതിനെക്കുറിച്ച് ചുരുങ്ങിയ വാക്കുകളിൽ സെക്രട്ടറിയച്ചൻ പറഞ്ഞുവച്ചു.

ബൈബിൾ സൊസൈറ്റി അംഗത്വ ഫോം ലോഗോസ് ബുള്ളറ്റിനിൽ ചേർക്കണമെന്ന അഭിപ്രായം യോഗാംഗം പങ്കുവച്ചു. പേജുകൾക്ക് പരിമിതികൾ ഉണ്ടെന്ന് അച്ചൻ സൂചിപ്പിച്ചു. അംഗങ്ങളുടെ കൂട്ടായ്മ രൂപതകളിലും ശക്തമാക്കണമെന്ന അഭിപ്രായം ഉണ്ടായി. ബൈബിൾ പാരായണം കുറച്ചുകൂടി സജീവമാക്കണം എന്ന അഭിപ്രായം ഉണ്ടായി. സമ്പൂർണ ബൈബിൾ വിവർത്തനം ഇറങ്ങുന്നതിനു വർഷങ്ങൾക്കുമുമ്പ് വന്ന അർണോസ് പാതിരിയുടെ പുത്തൻപാന എന്ന മഹാകാവ്യം ബൈബിൾ സൊസൈറ്റി വഴി പ്രചരണം സാധ്യമാക്കണമെന്ന് അംഗം അഭിപ്രായപ്പെട്ടു. തൃശൂർ രൂപതയിലെ അക്കാദമിയുമായി ചേർന്ന് കൊണ്ട് ശ്രമിക്കാം എന്ന് അച്ചൻ സൂചിപ്പിച്ചു. കേരളത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെയുള്ള എല്ലാ ഇടവകകളിൽ നിന്നുമുള്ളവരെ ബൈബിൾ സൊസൈറ്റി അംഗങ്ങളാക്കണം എന്ന നിർദേശം യോഗം ഉന്നയിച്ചു.

ചർച്ചയ്ക്കുശേഷം അധ്യക്ഷപ്രസംഗമായിരുന്നു. സഭയുടെ നെടുംതൂണുകളായി അറിയപ്പെടുന്ന പത്രോസ് ശ്ലീഹായുടേയും പൗലോസ് ശ്ലീഹായുടേയും രക്തസാക്ഷിത്വദിനത്തിൽ ഒന്നിച്ചു ചേരാനായതിന്റെ സന്തോഷം പങ്കുവച്ചാണ് അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവ് സംസാരിച്ചത്. തുടർന്ന് ജൂലൈ 25ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന പിതാവിന് ആശംസകളർപ്പിച്ചുകൊണ്ട് കേക്ക് മുറിക്കുകയും ചെയ്തു.

അതിനുശേഷം ജോയിന്റ് സെക്രട്ടറി, ശ്രീ. ജോസഫ് പന്തപ്ലാക്കൽ നന്ദി അർപ്പിച്ചു. അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ ആശിർവാദത്തോടെ യോഗം 4.45ന് അവസാനിച്ചു. പുതിയനിയമം ബൈബിളും ഡോ. ജോഷി മയ്യാറ്റിലച്ചന്റെ തിരുവചനപദസാരം എന്ന പുസ്തകവും നമ്മുടെ മാർപാപ്പമാർ എന്ന പിക്ചറും അംഗങ്ങൾക്ക് സമ്മാനമായി നല്കി. 102 പേർ യോഗത്തിൽ പങ്കെടുത്തു.

## കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 25-9-2024@11.00 a.m

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 2024 സെപ്റ്റംബർ 25ന് പി.ഒ.സി.യിൽവച്ച് ചേർന്നു. ശ്രീമതി. കവിത ജിസ്മോന്റെ ഈശ്വരപ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു. സെക്രട്ടറി റവ. ഡോ. ജോജു കോക്കാട്ട് ഏവർക്കും സ്വാഗതം ആശംസിച്ചു. മീറ്റിംഗിന്റെ പ്രധാന ലക്ഷ്യം ലോഗോസ് ക്വിസ് ആണ്. ഒത്തിരി പ്രതിസന്ധികൾ ഉണ്ടായിട്ടും കഴിഞ്ഞവർഷത്തിനടുത്ത രജിസ്ട്രേഷൻ തന്നെ ഈ വർഷവും ലഭിച്ചു എന്നത് സന്തോഷകരമാണ് എന്ന് അച്ചൻ സൂചിപ്പിച്ചു. രൂപതയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് രജിസ്ട്രേഷൻ ഫീസ് 20രൂപയാക്കി ഉയർത്തിയത് എന്ന് അച്ചൻ സൂചിപ്പിച്ചു. കൊച്ചിരൂപതയുടെ ശക്തമായ അല്മായ സാന്നിധ്യവും ബൈബിൾ സൊസൈറ്റി അംഗവും അതിലുപരി ഡി. എച്ച്. എഫ്. എൽ പ്രതിസന്ധിനേരിട്ട സമയത്ത് കണക്കുകൾ പരിശോധിച്ച് വളരെ കൃത്യമാണ് എന്ന് വിലയിരുത്തിയ പാനലിന്റെ ഒരംഗം കൂടിയായിരുന്ന അഡ്വ. ജോസി സേവ്യറിനെയും വൈസ് ചെയർമാന്റെ പിതാവിനെയും പ്രാർഥനയോടെ ഓർത്തുകൊണ്ട് സ്വാഗതപ്രസംഗം അവസാനിപ്പിച്ചു.

തുടർന്ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷപ്രസംഗമായിരുന്നു. സാഹചര്യങ്ങൾ അനുകൂലമായിരുന്നില്ലെങ്കിലും 2023 ലെ

അത്രയും തന്നെ രജിസ്ട്രേഷൻ നത്താൻ എല്ലാവരുടേയും പ്രയത്നത്താൽ സാധിച്ചു എന്ന് പറഞ്ഞുകൊണ്ടാണ് അധ്യക്ഷപ്രസംഗം ആരംഭിച്ചത്. അടുത്ത ജൂബിലി വർഷലോഗോസ് ക്വിസ്സിൽ 25ലക്ഷം രജിസ്ട്രേഷൻ ആണ് നാം ലക്ഷ്യം വയ്ക്കേണ്ടതെന്നും സൂചിപ്പിക്കുകയുണ്ടായി. സെപ്റ്റംബർ 29ന് നടക്കുന്ന രൂപതാതല ക്വിസ്സിൽ എക്സിക്യൂട്ടിവ് - മാനേജിംഗ് കൗൺസിൽ അംഗങ്ങൾ ഇടവകകൾ സന്ദർശിച്ച് ഫോട്ടോകൾ എടുത്ത് ഗ്രൂപ്പുകളിൽ നല്കണം എന്ന് ഓർമിപ്പിക്കുകയുണ്ടായി. ഈ വർഷത്തെ ലോഗോസ് ക്വിസ്സിന്റെ സെമിഫൈനൽ നവംബർ 10ന് എറണാകുളം, കോഴിക്കോട്, കൊല്ലം എന്നീ റീജിയണുകളിലും ഫൈനൽ മത്സരം പി.ഒ.സി.യിലും നടത്തപ്പെടുന്നു. പരീക്ഷയുടെ നടത്തിപ്പിന് എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർഥിച്ചു. അടുത്ത വർഷത്തെ ജൂബിലി, ലോഗോസ് ക്വിസ് 25ലക്ഷം രജിസ്ട്രേഷൻ എന്ന ലക്ഷ്യം നാം നേടിയെടുക്കാൻ ആവശ്യമായ നിർദേശങ്ങൾ നല്കണമെന്ന് സൂചിപ്പിച്ചു. ആനിമേറ്റർമാർ ഉത്സാഹപൂർവം പ്രവർത്തിച്ചതിന്റെ ഫലമായി ലോഗോസ് ക്വിസ്സിൽ പങ്കെടുക്കാൻ കൂട്ടാക്കാതിരുന്ന ഒരു രൂപതയിലെ ഇടവകളെ ബന്ധപ്പെട്ടതിന്റെ മാത്രം ഫലമായി 2000ത്തോളം ആളുകൾ ആ രൂപതയിൽ നിന്നും രജിസ്റ്റർ ചെയ്തു എന്ന കാര്യം വൈസ് ചെയർമാൻ അറിയിക്കുകയുണ്ടായി. സൊസൈറ്റിയുടെ ഒരു പ്രധാന വരുമാനമാർഗമായിരുന്നു മെമ്പർഷിപ് കാംപെയിൻ. പ്രസ്ഥാനത്തിന്റെ വളർച്ചയെന്നു പറയുന്നത് അത്തരത്തിലുള്ള പ്രവർത്തനങ്ങളാണെന്നും അതിന് എക്സിക്യുട്ടിവ് മാനേജിംഗ് കൗൺസിൽ അംഗങ്ങളെല്ലാവരും തയ്യാറാകണമെന്നും ഓർമിപ്പിച്ചു. നിലവിൽ 12 ബൈബിൾ അംബാസിഡേഴ്സ് ഉണ്ടെന്നും ജൂബിലിവർഷത്തിൽ 13 പേരെക്കൂടി ഉൾപ്പെടുത്തി അത് 25 ആക്കണമെന്നും സൂചിപ്പിച്ചു.

തുടർന്ന് ജോയിന്റ് സെക്രട്ടറി ജോസഫ് പന്തപ്ലാക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. ആനിമേറ്റർമാരെ രൂപതയ്ക്ക് അലോട്ട് ചെയ്തത് റിപ്പോർട്ടിൽ കൂട്ടിച്ചേർക്കാൻ ആവശ്യപ്പെട്ടുകൊണ്ട് യോഗം റിപ്പോർട്ട് പാസാക്കി.

അതിനുശേഷം പരേതരായ അഡ്വ. ജോസി സേവ്യർ, പി.ഒ.സി.യുടെ ജനറൽ എഡിറ്റർ ആയിരുന്ന മോൺസിഞ്ഞോർ ജോർജ് കുരുക്കൂർ അച്ചൻ, ബൈബിൾ സൊസൈറ്റി വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ വത്സല പിതാവ് എന്നിവരുടെ വിയോഗത്തിൽ, ടോണി കോഴിമണ്ണിൽ അച്ചന്റെ നേതൃത്വത്തിൽ അനുസ്മരണ പ്രാർഥനാ ശുശ്രൂഷ നടന്നു.

32 രൂപതകളിൽ ഓരോ ഫൊറോനയ്ക്കും കോ-ഓർഡിനേറ്റർമാരെ നിയമിച്ചുകൊണ്ട് നമ്മുടെ പ്രവർത്തനം കൂടുതൽ വിശാലമാക്കാൻ ശ്രമിക്കാം എന്ന് ടോണി അച്ചൻ നിർദേശിക്കുകയുണ്ടായി. സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ എന്നത് നല്ല പ്രവർത്തനങ്ങളും ആധ്യാത്മികതയും ഉള്ള ഒരു കൂട്ടായ്മയാണ് എന്ന് ടോണി അച്ചൻ പറയുകയുണ്ടായി.

തുടർന്ന് അജണ്ടകൾ പ്രകാരമുള്ള ചർച്ചകൾ നടന്നു. നവംബർ 10,23,24 എന്നീ ലോഗോസ് പരീക്ഷാതീയതികളിൽ എല്ലാവരുടേയും സാന്നിധ്യവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർഥിച്ചു. അതിന്റെ എല്ലാ വിവരങ്ങളും ഗ്രൂപ്പുകളിൽ നല്കുന്നതായിരിക്കും എന്ന് അച്ചൻ അറിയിച്ചു. ലോഗോസ് ക്വിസ്സിന് വേണ്ടി ബസ്സറും കമ്പ്യൂട്ടറും അത്യാവശ്യമായി വാങ്ങണമെന്ന് അച്ചൻ അറിയിച്ചു. ലോഗോസിന്റെ സമ്മാനത്തുക വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ചകൾ നടന്നു. ജൂബിലി വർഷത്തിൽ ലോഗോസ് ക്വിസ് ഭംഗിയാക്കാൻ ആനിമേറ്റേഴ്സിനെ നിശ്ചയിക്കുകയും അവരുടെ മീറ്റിംഗ് വിളിക്കുവാൻ മാനേജിംഗ് കൗൺസിൽ തീരുമാനിക്കുകയും ചെയ്തു. ആക്റ്റീവ് അല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ ഓഡിറ്റർ നിർദേശിച്ചിരുന്നു. അത് മാനേജിംഗ് കൗൺസിൽ അംഗീകരിക്കേണ്ടതായിട്ടുണ്ട് എന്ന് സെക്രട്ടറി അച്ചൻ സൂചിപ്പിച്ചു. അത്തരത്തിലുള്ള രണ്ട് അക്കൗണ്ടുകൾ ഉണ്ട് ഒന്നിൽ 2597 രൂപയും

രണ്ടാമത്തേതിൽ 2556രൂപയും ആണ് മാർച്ച് വരെ വന്നിട്ടുള്ളത്. ആ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ മാനേജിംഗ് കൗൺസിൽ തീരുമാനിച്ചു.

അടുത്തതായി മനുവിന്റെ സാലറിയുമായി ബന്ധപ്പെട്ട ചർച്ചയായിരുന്നു. മുൻസെക്രട്ടറിമാരോട് അന്വേഷിച്ചതനുസരിച്ച് ജോൺസണച്ചന്റെ കാലത്ത് പിഒസിയുമായി സഹകരിച്ചാണ് ശമ്പളപരിഷ്ക്കരണം വന്നത് എന്ന് സെക്രട്ടറി അച്ചൻ അറിയിച്ചു. അതനുസരിച്ച് ബൈബിൾ സൊസൈറ്റിയിൽനിന്നും മനുവിന്റെ ബേസിക് സാലറിയായി 8400 ഉം D.A ആയി 4200, other allowance ആയി 6300 രൂപയുമാണ്. അങ്ങനെ ആകെ 18900 രൂപയാണ് അതിൽനിന്നും P.F ഫണ്ടിലേക്കും 4216 രൂപയും ചേർത്ത് 21604 രൂപയാണ് ആകെ സാലറി വരുന്നത്. പി.ഒ.സി.യുടെ ശമ്പള പരിഷ്ക്കരണ നിയമപ്രകാരം മൂന്നു വർഷത്തി ലൊരിക്കൽ അതായത് 2025 ജനുവരി ഒന്നിന്നാണ് ഇൻക്രിമെന്റ് വരുന്നത്. അതനുസരിച്ച് 310 രൂപയാണ് കൂടുന്നതെന്നും സെക്രട്ടറി അച്ചൻ അറിയിച്ചു. പിന്നീടുള്ള മൂന്നുവർഷങ്ങൾ ഇതേ നിലയിലും നാലാമത്തെ വർഷം ബേസിക് സാലറിയായ 8700 രൂപയിന്മേൽ ഇൻക്രിമെന്റ് വരുന്നതായിരിക്കും എന്ന് അച്ചൻ അറിയിച്ചു. അതിനാൽ പി.ഒ.സിയുടെ നിയമം തന്നെപാലിക്കുന്നതായിരിക്കും നല്ലത് എന്ന് മുൻ സെക്രട്ടറി അച്ചന്മാർ അറിയിച്ചതായി സെക്രട്ടറി അച്ചൻ പറഞ്ഞു. 2025ൽ ഇൻക്രിമെന്റ് വരുത്തിയശേഷം രണ്ടുവർഷത്തിനുള്ളിൽ പേ റിവിഷൻ നടത്താമെന്നും യോഗം നിർദേശിച്ചു. മെഡിക്കൽ ഇൻഷുറൻസ് നൽക ണമെന്ന് യോഗം അഭിപ്രായപ്പെട്ടു. മനുവിന്റെ പിതാവ് ആൻജിയോഗ്രാം സർജറിക്ക് വിധേയനായതും അതിന്റെ ഫലമായി 80000 രൂപ പി.എഫ് ൽനിന്ന് പിൻവലിക്കാൻ അനുവാദം നല്കിയതും സെക്രട്ടറി അച്ചൻ മാനേജിംഗ് കൗൺസിലിനെ അറിയിച്ചു. ഇൻക്രിമെന്റ് വർധന സാധാരണപോലെ വരുത്തുകയും other allowanceൽ 1000 രൂപ കൂട്ടി ഇടാനും തീരുമാനിക്കുകയും ചെയ്തു.

എല്ലാ ബൈബിൾ സൊസൈറ്റി അംഗങ്ങളും ബൈബിൾ ശുശ്രൂഷകരെന്ന നിലയിൽ ബൈബിൾ പാരായണമാസത്തോടനുബന്ധിച്ച് എന്തെങ്കിലും ചെറിയ പദ്ധതികൾ നടപ്പിലാക്കണമെന്ന് സെക്രട്ടറി അച്ചൻ അറിയിച്ചു. ലോഗോസ് കഴിഞ്ഞതിനുശേഷം ബൈബിൾ സൊസൈറ്റിയുടെ ഓഫീസ് പുതുക്കുന്ന കാര്യം അച്ചൻ യോഗാംഗങ്ങളെ ഓർമിപ്പിച്ചു.

ലോഗോസിന്റെ ജൂബിലി വർഷത്തിൽ എല്ലാ രൂപതകൾക്കും ഒരു ആനിമേറ്റർ എന്ന പോസ്റ്റ് കൊടുത്തിട്ടുണ്ട്. ലോഗോസിന്റെ എണ്ണം വർധിപ്പിക്കുന്നതിനോടൊപ്പം ബൈബിൾ സൊസൈറ്റിയെ ശക്തിപ്പെടുത്തു ന്നതിനായി മുൻകാലങ്ങളിൽ നിലനിന്നിരുന്ന മെമ്പർഷിപ് കാമ്പെയിൻ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതുണ്ട്. അതിനായി 5 പേരെ അംഗങ്ങളായി ചേർത്തുകൊണ്ട് ആറാമത്തെ ആൾ മുതൽ അവരുടെ സേവനങ്ങൽക്ക് ചെറിയ ഒരു ഓണറേറിയം കൊടുക്കുമെന്നും അച്ചൻ സൂചിപ്പിച്ചു. അംബാസിഡർമാരായി തെരെഞ്ഞെടുക്കപ്പെടുന്നവരെ നമ്മുടെ വേദികളിൽ അവരെ ആദരിക്കുകയും ജനറൽ ബോഡി യോഗത്തിൽ അവരെ ക്ഷണിക്കുകയും ചെയ്യുന്നു.

ലോഗോസ് രജിസ്ട്രേഷനിൽ ഒന്നാം സ്ഥാനത്ത് നില്ക്കുന്നത് എറണാകുളം അങ്കമാലി രൂപതയും രണ്ടാം സ്ഥാനത്ത് തൃശ്ശൂർ രൂപതയും മൂന്നാം സ്ഥാനത്ത് പാലാരൂപതയും ആണെന്ന് വൈസ് ചെയർമാൻ അറിയിച്ചു. ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്തുകൊണ്ട് വരാപ്പുഴ രൂപതയിലെ ഓച്ചൻതുരുത്ത് ഇടവക ഒന്നാമതും പാലാ രൂപതയിലെ കുറവിലങ്ങാട് ഇടവക രണ്ടാമതും എറണാകുളം അങ്കമാലി അതിരൂപതയിലെ അങ്കമാലി ബസിലിക്ക ഇടവക മൂന്നാം സ്ഥാനത്തിനും അർഹത നേടി. ശതമാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്തുകൊണ്ട് രാമനാഥപുരം ഒന്നാം സ്ഥാനത്തും കണ്ണൂർ രൂപത രണ്ടാം സ്ഥാനത്തും ഇടുക്കി രൂപത മൂന്നാം സ്ഥാനത്തും എത്തി.

യോഗത്തിൽ 25 അംഗങ്ങൾ പങ്കെടുത്തു.

അതിനുശേഷം ശ്രീ. മെൽക്കം ഓസ്റ്റിൻ ഓബി എല്ലാവർക്കും നന്ദി അർപ്പിച്ചു. പുതിയനിയമം ഇംഗ്ലീഷ് പോക്കറ്റ് ബൈബിളും ബോച്ചേ ടീയും എല്ലാവർക്കും സമ്മാനമായി നല്കുകയും ചെയ്തു.

## കേരളകാത്തലിക് ബൈബിൾസൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 27-10-2024

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 27-10-2024ന് വൈകീട്ട് 9മണിക്ക് ഓൺലൈനായി ചേരുകയുണ്ടായി. ഫരിദാബാദ് രൂപതയിലെ രൂപതാതല വിജയികൾക്കായി സെമിഫൈനൽ പരീക്ഷ അവിടെത്തന്നെ നടത്തുന്നതിന് വേണ്ടി ഫരീദാബാദ് രൂപതയുടെ പിതാവ്, ബൈബിൾ സൊസൈറ്റി ചെയർമാനായ അഭിവന്ദ്യ ജെയിംസ് ആനാപമ്പിൽ പിതാവിന് അയച്ച കത്തിന്റെ വെളിച്ചത്തിലാണ് വളരെ അടിയന്തിരമായി ഈ മീറ്റിംഗ് ചേർന്നിരിക്കുന്നതെന്ന് സെക്രട്ടറി അച്ചൻ സൂചിപ്പിച്ചു. അതിനായി മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ അഭിപ്രായങ്ങൾ ആരാഞ്ഞു. ബൈബിൾ സൊസൈറ്റിയിൽനിന്നും വളരെ പരിചയ സമ്പത്തുള്ള ഒരു വ്യക്തി അവിടെ പോയി പരീക്ഷ നടത്തുന്നത് നല്ല കാര്യമാണെന്ന് മാനേജിംഗ് കൗൺസിൽ അഭിപ്രായപ്പെട്ടു. ഫരീദാബാദിൽനിന്നും പരീക്ഷ യെഴുതാൻ വരുന്നത് വളരെ ബുദ്ധിമുട്ടുനിറഞ്ഞ ഒരു കാര്യമാണെന്നും സ്കൂളിൽ പോകുന്നവർക്കും ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും വളരെ തടസ്സങ്ങൾ ഉണ്ടാകുന്നു എന്നുള്ളതും യോഗം ചൂണ്ടിക്കാണിച്ചു. ഫരീദാബാദ് രൂപതയിൽ നിന്നും രജിസ്ട്രേഷൻ വളരെ കുറവാണെന്നും അത് മിനിമം നമ്പർ കൂട്ടാനുള്ള പരിശ്രമങ്ങൾ രൂപതയിൽനിന്നും നടത്തണമെന്നും അങ്ങനെയായാൽ ഫരീദാബാദ് ഒരു പരീക്ഷാസെന്റർ ആക്കുന്നത് നല്ലതായിരിക്കും എന്ന നിർദേശം ഉണ്ടായി. മിനിമം അഞ്ചോ ആറോ രൂപതകൾ അവിടെ നിന്നും ഉണ്ടാകുന്ന പക്ഷം അത് ഒരു റീജിയൺ ആക്കി ജൂബിലി വർഷത്തിൽ മാറ്റാമെന്നും നിർദേശം വന്നു. ഇപ്രാവശ്യത്തേക്ക് ഫരീദാബാദിൽ സെമിഫൈനൽ പരീക്ഷ നടത്തിക്കൊണ്ട് മുന്നോട്ടുപോകാമെന്നും അടുത്തവർഷത്തിലേക്ക് കൂടുതൽ ചർച്ച ഈ വിഷയത്തിൽ ആവശ്യമാണെന്നും യോഗം വിലയിരുത്തി.

പതിനെട്ട്പേർ അവിടെനിന്ന് പരീക്ഷയ്ക്ക് എറണാകുളത്തേക്ക് വരുന്ന ചിലവിന്റെ വളരെ ചെറിയ ഒരു തുകയാണ് ഒരാൾ പരീക്ഷനടത്തിപ്പിനായി എറണാകുളത്തുനിന്നും ഫരീദാബാദിലേക്ക് പോകുമ്പോൾ ഉണ്ടാകുന്നുള്ളൂ. അതിനാൽ ആ തുക രൂപത വഹിക്കണമെന്ന നിർദേശം യോഗത്തിൽ ഉണ്ടായി.

ഫരീദാബാദ് രൂപതിലെ പിതാവ് ആവശ്യപ്പെട്ടതനുസരിച്ച് മാനേജിംഗ് കൗൺസിൽ അംഗങ്ങൾ അവിടെ പരീക്ഷനടത്താൻ തീരുമാനിക്കുകയും അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവിന്റെ നിർദേശമനുസരിച്ച് ഒരാൾ ബൈബിൾ സൊസൈറ്റിയിൽ നിന്നും പരീക്ഷനടത്തിപ്പിനുവേണ്ട ചോദ്യപേപ്പർ സഹിതം അവിടെ എത്തുകയും ഈ വർഷത്തെ പരീക്ഷ നടത്തിപ്പോരുകയും ചെയ്യുന്നതായിരിക്കും എന്ന് യോഗം തീരുമാനിച്ചു. വരും വർഷങ്ങളിൽ അവിടെ ഒരു സെന്റർ ആക്കി മാറ്റുന്ന അവസ്ഥയിലേക്ക് രജിസ്ട്രേഷൻ എണ്ണം കൂട്ടാനുള്ള ശ്രമങ്ങൾ അവരുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത് ആവശ്യമാണെന്ന ഒരു തീരുമാനത്തിലേക്ക് എത്തുകയും ചെയ്തു.

ലോഗോസ് പരീക്ഷയ്ക്ക് എല്ലാവരുടേയും സഹായസഹകരണങ്ങൾ സെക്രട്ടറി അച്ചൻ അഭ്യർഥിച്ചു. ബൈബിൾ പാരായണമാസത്തോടനുബന്ധിച്ച് പല കാര്യപരിപാടികളും നടത്തുന്നുണ്ട് എന്ന് അച്ചൻ സൂചിപ്പിച്ചു.

ചർച്ചയ്ക്കുശേഷം വൈസ്ചെയർമാൻ നന്ദി അർപ്പിച്ചു. നാല് ഇടവകകളിൽ എങ്കിലും ബൈബിൾ പാരായണം സംഘടിപ്പിക്കാൻ മാനേജിംഗ്

കൗൺസിൽ അംഗങ്ങൾ ശ്രമിക്കണം എന്ന് വൈസ്ചെയർമാൻ സൂചിപ്പിച്ചു. വളർച്ചയുടെ അടുത്തഘട്ടമായി ഈ പുതിയ തീരുമാനത്തെ കാണാം എന്ന് വൈസ്ചെയർമാൻ കൂട്ടിച്ചേർത്തു. ഹിന്ദി മേഖലയെ ഉൾകൊള്ളിച്ച് പുതിയ റീജിയണാക്കാനുള്ള ശ്രമങ്ങൾ വരും വർഷങ്ങളിൽ നടപ്പിലാക്കണം എന്ന് വൈസ്ചെയർമാൻ പറയുകയുണ്ടായി.

ഷോർട്ട് നോട്ടീസിൽ ഉണ്ടായ ഈ മീറ്റിംഗിലെ എല്ലാവരുടേയും സാന്നിധ്യത്തിന് എല്ലാ മാനേജിംഗ് കൗൺസിൽ അംഗങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ട് സെക്രട്ടറി അച്ചന്റെ സമാപനാശിർവാദത്തോടെ മീറ്റിംഗ് അവസാനിപ്പിച്ചു. മീറ്റിംഗിൽ 20 അംഗങ്ങൾ പങ്കെടുത്തു.

## കേരളകാത്തലിക് ബൈബിൾ സൊസൈറ്റി

## എക്സിക്യൂട്ടിവ് കമ്മിറ്റി യോഗം 08-02-2025 @10.30 A.M

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 2025 ഫെബ്രുവരി 8ന് പിഒസിയിൽ വച്ച് കൂടുകയുണ്ടായി. സി. ലിസ്സി ദേവസ്സി CTCയുടെ ഈശ്വരപ്രാർഥനയോടെ യോഗനടപടികൾ ആരംഭിച്ചു. വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം എല്ലാവർക്കും സ്വാഗതമാശംസിച്ചു. തുടർന്ന് ജോയിന്റ് സെക്രട്ടറി, ശ്രീ. ജോസഫ് പന്തപ്ലാക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് സെക്രട്ടറിയച്ചൻ അജണ്ട അവതരിപ്പിച്ചു.

ചർച്ചയിൽ ലോഗോസ് ക്വിസ് വിജയിക്ക് സമ്മാനത്തുക വർധിപ്പിക്കുന്നതിനെപ്പറ്റി ചർച്ചചെയ്യുകയും അന്തിമതീരുമാനത്തിന് മാനേജിംഗ് കൗൺസിലിലേക്ക് വിടുകയും ചെയ്തു. വിശുദ്ധനാട് തീർഥാടനം ഇനി നല്കാൻ പറ്റുമ്പോൾ ഈ സമ്മാനത്തുക കുറയ്ക്കാം എന്ന നിർദേശവും യോഗത്തിൽ വരികയുണ്ടായി. മുൻസെക്രട്ടറിമാരെ വച്ച് ഒരു മീറ്റിംഗ് വിളിച്ച് കൂട്ടുകയും അവരെ ആദരിക്കുകയും വേണമെന്ന നിർദേശം വന്നു.

ഓഫീസ് പുതുക്കുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് യോഗത്തിൽ അവതരിപ്പിക്കുകയും മാനേജിംഗ് കൗൺസിലിൽ പാസാക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

ബൈബിൾ സൊസൈറ്റി സ്റ്റാഫ് ആയ മനുവിന് കഴിഞ്ഞമീറ്റിംഗിൽ പറഞ്ഞതനുസരിച്ച് പി.ഒ.സി.യോട് ചേർന്ന് സാലറിയിൽ 2079 രൂപ വർധനവ് വരുത്തിയ കാര്യം യോഗത്തിൽ അറിയിച്ചു.

ചർച്ചകൾക്കുശേഷം ശ്രീ. പി. കെ ജോസഫ് എല്ലാവർക്കും നന്ദി അർപ്പിച്ചു.

## കേരളകാത്തലിക് ബൈബിൾ സൊസൈറ്റി

## മാനേജിംഗ് കൗൺസിൽ യോഗം 08-02-2025 @11.00A.M

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിംഗ് കൗൺസിൽ യോഗം 2025 ഫെബ്രുവരി 8ന് പിഒസിയിൽ വച്ച് കൂടുകയുണ്ടായി. ശ്രീ. മെൽക്കം ഓസ്റ്റിൻ ഓബിയുടെ ഈശ്വരപ്രാർഥനയോടെ യോഗം ആരംഭിച്ചു. പിഒസിയുടെ ഡയറക്ടറും ഡെപ്യൂട്ടി സെക്രട്ടറി ജനറലുമായി, 2024 ഡിസംബർ മാസം ചാർജെടുത്ത ബഹുമാനപ്പെട്ട തോമസ് തറയിൽ അച്ചനെ, ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് - മാനേജിംഗ് കൗൺസിൽ എക്സ്ഒഫിഷ്യോ മെമ്പറായി സ്വാഗതം ചെയ്യുന്നതിനുവേണ്ടിയാണ് മുഖ്യമായും ഈ യോഗം വിളിച്ചു ചേർത്തിരിക്കുന്നതെന്ന് സെക്രട്ടറി അച്ചൻ ആമുഖപ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. തുടർന്ന് സെക്രട്ടറി അച്ചൻ എല്ലാ അംഗങ്ങളെയും സ്വാഗതം ചെയ്തു.

അധ്യക്ഷപദം അലങ്കരിച്ചത് വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം ആയിരുന്നു. ലോഗോസ് ക്വിസ് തുടങ്ങിയിട്ട് 25 വർഷങ്ങൾ

പിന്നിടുന്നു. 2025 ലെ ജൂബിലി ലോഗോസ് ക്വിസ്സിൽ 25ലക്ഷം രജിസ്ട്രേഷൻ വരുത്തുവാൻ ഒരുക്കങ്ങൾ 2024 മുതലേ നാം നടത്തിയിരുന്നു. അതിനായി തിരെഞ്ഞെടുക്കപ്പെട്ട ആനിമേറ്റർമാരും എക്സിക്യൂട്ടിവ് - മാനേജിംഗ് കൗൺസിൽ അംഗങ്ങളും നല്കപ്പെട്ടിട്ടുള്ള രൂപതകളിൽ സജീവമായി പ്രവർത്തിക്കണം എന്ന് വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം അധ്യക്ഷപ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞവർഷത്തെ ബൈബിൾ പാരായണം വളരെ ഭംഗിയായി പല രൂപതകളിലും സംഘടിപ്പിക്കാൻ കഴിഞ്ഞതിൽ എല്ലാ അംഗങ്ങൾക്കും നന്ദി അർപ്പിച്ചുകൊണ്ട് അധ്യക്ഷപ്രസംഗം അവസാനിപ്പിച്ചു.

തുടർന്ന് പിഒസി ഡയറക്ടറും കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി ജനറലുമായ ബഹുമാനപ്പെട്ട തോമസ് തറയിൽ അച്ചനെ എക്സിക്യൂട്ടിവ് - മാനേജിംഗ് കൗൺസിൽ എക്സ്ഒഫിഷ്യോ അംഗമായി സ്വീകരിച്ചുകൊണ്ട് ബൈബിൾ സൊസൈറ്റി എക്സിക്യൂട്ടിവ് അംഗം ശ്രീ. പി.കെ ജോസഫ് സംസാരിക്കുകയും ബൈബിൾ സൊസൈറ്റിയുടെ സെക്രട്ടറി റവ. ഫാ. ജോജു കോക്കാട്ട് ബൊക്കെ നല്കുകയും ചെയ്തു. ബൈബിൾ സൊസൈറ്റി വൈസ്ചെയർമാനും ജോയിന്റ് സെക്രട്ടറിയും ചേർന്ന് ബൈബിളും മാനേജിംഗ് കൗൺസിൽ അംഗമായ ബഹുമാനപ്പെട്ട ടോണി കോഴിമണ്ണിൽ അച്ചൻ തിരിയും സമ്മാനമായി നല്കിക്കൊണ്ട് ബൈബിൾ സൊസൈറ്റിയിലേക്ക് സ്വീകരിക്കുകയും ചെയ്തു.

തുടർന്ന് ബഹുമാനപ്പെട്ട തോമസ് തറയിൽ അച്ചൻ സംസാരിച്ചു. ബൈബിൾ സൊസൈറ്റി രൂപീകരണ കാലഘട്ടത്തിലെ അംഗങ്ങളിൽ ഒരാളാണ് താനെന്ന് തോമസ് അച്ചൻ മുഖ്യപ്രഭാഷണത്തിൽ പറയുകയുണ്ടായി. ബൈബിൾ സൊസൈറ്റിയിൽ അംഗത്വമെടുക്കാനുണ്ടായ സാഹചര്യവും നല്ല അനുഭവങ്ങളും അദ്ദേഹം എല്ലാവരോടുമായി പങ്കുവച്ചു. എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന കർത്താവിന്റെ അരുളപ്പാട് ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വഴി നിറവേറ്റപ്പെടുന്നുണ്ട് എന്ന് ഡയറക്ടർ അച്ചൻ പറയുകയുണ്ടായി. വെല്ലുവിളികൾ തിരിച്ചറിഞ്ഞുകൊണ്ട് കാലിക പ്രസക്തവും പങ്കാളിത്തപരവുമായ ശുശ്രൂഷ നിർവഹിക്കുവാനും ബൈബിൾ പഠനം പ്രോത്സാഹിപ്പിച്ചുകൊണ്ട് പ്രായോഗികവത്ക്കരിക്കാനും സാധിക്കട്ടെ എന്നാശംസിച്ചുകൊണ്ടും മുഖ്യപ്രഭാഷണം അവസാനിപ്പിച്ചു.

തുടർന്ന് റിപ്പോർട്ട് അവതരണമായിരുന്നു. ജോയിന്റ് സെക്രട്ടറി ശ്രീ. ജോസഫ് പന്തപ്ലാക്കൽ മാനേജിംഗ് കൗൺസിൽ റിപ്പോർട്ടും, ആനിമേറ്റർമാരുടെ റിപ്പോർട്ടും വായിച്ചു. 2024ലെ മേഖലാതല ലോഗോസ് ക്വിസ് വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ നേതൃത്വത്തിൽ ഫരീദാബാദിൽ വച്ച് നടത്തുകയുണ്ടായി. നാല് സെന്ററുകളിലായി 2024ലെ ലോഗോസ് നടത്തിയകാര്യം കൂട്ടിചേർക്കാൻ ആവശ്യപ്പെട്ടുകൊണ്ട് റിപ്പോർട്ട് പാസാക്കി.

തുടർന്ന് ചർച്ചയായിരുന്നു. 25-09-24ലെ മീറ്റിംഗിൽ മനുവിന്റെ സാലറി, Other allowence ൽ 1000 രൂപ കൂട്ടിവയ്ക്കാൻ നിർദേശം വന്നിരുന്നു. പിഒസിയുടെ സാലറിയിൽ റിവിഷൻ വരേണ്ടസമയമായിരുന്നു. അതനുസരിച്ച് മനുവിന്റെ സാലറിയിലും 11% വർധനവ് വന്നിട്ടുണ്ട്. ബേസിക് പേ ആയിട്ട് 9250 രൂപയും ഡി.എ ആയിട്ട് 4893 രൂപയും, Other allowence ൽ 6485രൂപയും, സോഷ്യൽ സെക്യൂരിറ്റിയായിട്ട് 1697രൂപയും ഗ്രാറ്റുവിറ്റിയായി 6679രൂപയും ആണ്. ഇപ്പോൾ സാലറിയായി കയ്യിൽ ലഭിക്കുന്ന തുക 18931 രൂപയും പി.എഫ് ആയിട്ട് 4752രൂപയും ചേർത്ത് ആകെ സാലറി 23683രൂപയാണ്. വർധനവിന് മുമ്പ് കയ്യിൽ ലഭിച്ചിരുന്ന തുക 17388രൂപയായിരുന്നു അതിൽ 1543രൂപവർധനവ് ഉണ്ടായിട്ടുണ്ട്. അതുപോലെ തന്നെ പി.എഫിലും 536 രൂപയുടെ വർധനവും ചേർത്ത് ആകെ

സാലറിയിൽ വർധനവ് വന്നിട്ടുള്ളത് 2079 രൂപയാണ്. ഇനി വരുന്ന മൂന്നു വർഷത്തേക്കുള്ള ഇൻക്രിമെന്റ് ആയി വരുന്നത് 2079 രൂപയാണ് എന്ന് സെക്രട്ടറിയച്ചൻ യോഗാംഗങ്ങളെ അറിയിക്കുകയും പാസാക്കുകയും ചെയ്തു. ഇൻഷുറൻസ് തുക വർഷത്തിൽ 2990 രൂപ നല്കും എന്ന തീരുമാനവും പാസാക്കി.

ഓഫീസ് പുതുക്കുന്നതിന്റെ ഭാഗമായി 2,92,450 രൂപയാണ് ബഡ്ജറ്റ് നല്കിയിരിക്കുന്നത്. സ്റ്റോർ റൂമിന്റെ പരിതാപകരമായ അവസ്ഥയെപ്പറ്റി പിഒസി ഡയറക്ടറോട് സൂചിപ്പിക്കുകയുണ്ടായി. ഓഫീസിന്റെ പണി തുടങ്ങാനുള്ള തീരുമാനം എല്ലാവരും പാസാക്കി. കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷനിൽ മെമ്പർഷിപ്പുള്ള സൊസൈറ്റിയാണ് നമ്മുടേത്. ഫെബ്രുവരി 10മുതൽ 16വരെ നടത്തപ്പെടുന്ന പ്രോഗ്രാമിൽ സെക്രട്ടറി അച്ചൻ സംബന്ധിക്കുന്നതിനെപ്പറ്റിയും റിപ്പോർട്ട് അവതരണത്തെപ്പറ്റിയും മീറ്റിംഗിൽ സൂചിപ്പിച്ചു.

തുടർന്ന് ജൂബിലി ലോഗോസിന്റെ ചർച്ചകളായിരുന്നു. 2025ലെ ലോഗോസിന്റെ സമ്മാനത്തുക 1,00,001 രൂപയായും ഗ്രൂപ്പ് ചാമ്പ്യന്റെ സമ്മാനത്തുക 16000 ആയും ഉയർത്തുകയും എല്ലാ അംഗങ്ങളും ഐക്യകണ്ഠേന അത് പാസാക്കുകയും ചെയ്തു. പാലയ്ക്കൽ തോമാ മല്പാൻ അവാർഡ് തുക 25000 ത്തിൽനിന്നും കുറച്ചുകൂടി ഉയർത്തുവാനും സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സ്പോൺസർഷിപ്പ് തുക 25000ത്തിൽനിന്നും 35000ആക്കാനും ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നെന്നും സെക്രട്ടറി അച്ചൻ അറിയിച്ചു. പഴയരീതിയൽ തന്നെ വിശുദ്ധനാട് തീർത്ഥാടനം സാധ്യമാകുന്ന സമയത്ത് സമ്മാത്തുകയിൽ അല്പം കുറവുവരുത്തുമെന്ന വ്യവസ്ഥയിൽ സമ്മാനത്തുക ഇപ്പോൾ കൂട്ടിവയ്ക്കാം എന്ന നിർദേശം യോഗം ഉന്നയിച്ചു.

ലോഗോസ് ക്വിസ്സിന്റെ രജിസ്ട്രേഷൻ ഉയർത്തുന്നതിന്റെയും നമ്മുടെ പ്രവർത്തനങ്ങൾക്ക് ഒരു പബ്ലിസിറ്റി കൊടുക്കുന്നതിന്റേയും ഭാഗമായി ഫെബ്രുവരി മാസത്തിന്റെ അവസാനത്തോടുകൂടി എല്ലാ രൂപതകളിലേയും പിതാവിനേയും ബൈബിൾ കമ്മീഷൻ അച്ചനെയും ഫാമിലി അപ്പോസ്തലേറ്റ് അച്ചനെയും വേദപാഠം ഓഫീസുമായി ബന്ധപ്പെട്ടവരേയും ഒരുമിച്ചുകൂട്ടിക്കൊണ്ട് ഒരു കൂടികാഴ്ചയ്ക്ക് വേണ്ട പരിശ്രമങ്ങൾ നടത്തേണ്ടതുണ്ടെന്നും ബന്ധപ്പെട്ട രൂപതകൾ ലഭിച്ചിരുന്ന ആനിമേറ്റർമാർ യോഗത്തിൽ സന്നിഹിതരായിരിക്കണം എന്നുമുള്ള നിർദേശം വന്നു. രൂപതയ്ക്കുള്ള സമ്മാനപ്പൊതികളും നമ്മൾ കരുതേണ്ടതുണ്ട് എന്ന് സെക്രട്ടറിയച്ചൻ കൂട്ടിച്ചേർത്തു. ഇതുമായി ബന്ധപ്പെട്ടുള്ള യാത്രകൾക്കുവേണ്ടിയുള്ള യാത്രാ ചിലവ് നല്കുന്നതായിരിക്കുമെന്നും അറിയിച്ചു.

മുൻകാലസെക്രട്ടറി അച്ചന്മാരെയും പ്രസിഡന്റുമാരെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു മീറ്റിംഗ് സംഘടിപ്പിക്കാനും അവരെ ലോഗോസ് ചടങ്ങിൽ ആദരിക്കാനും ശ്രമിക്കണം എന്ന് സെക്രട്ടറിയച്ചൻ പറയുകയുണ്ടായി.

ഫെബ്രുവരി മുതൽ രൂപതകളിൽ മീറ്റിംഗുകൾ സംഘടിപ്പിക്കുമ്പോൾ താഴേക്കിടയിൽ എത്തുന്നരീതിയിൽ ഇടവക, ഫൊറോന, രൂപത കോ-ഓർഡിനേറ്റർമാരെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളേയും റീലീജിയസ് അംഗങ്ങളെയും സൺഡേ സ്കൂൾ ഭാരവാഹികളെയും ഒരുമിച്ചു ചേർക്കണം എന്ന് ടോണി അച്ചൻ ഓർമിപ്പിച്ചു.

മാർച്ച് ആദ്യ ആഴ്ചയിൽ കേരളത്തിലെ എല്ലാ ഡയറക്ടർമാരേയും ലോഗോസിന്റെ ഉത്തരവാദിത്വമുള്ള അച്ചന്മാരെയും വിളിച്ചുചേർത്ത്, രൂപതയിലേക്ക് ലോഗോസ് ആനിമേറ്റർമാർ വരുന്ന കാര്യം ബൈബിൾ ഡയറക്ടർമാരെ അറിയിക്കുന്നതായിരിക്കും എന്ന് സെക്രട്ടറിയച്ചൻ സൂചിപ്പിച്ചു.

ഉജ്ജെയ്ൻ രൂപതയിൽ നിന്നുള്ളവർ ഹിന്ദിമേഖലയിൽ ലേഗോസ് ക്വിസ്സിൽ ഉൾപ്പെടുത്താമോ എന്ന ആവശ്യം പ്രകടിപ്പിച്ചതായി സെക്രട്ടറി അച്ചൻ

അറിയിച്ചു. ഇപ്പോൾ പരീക്ഷ നടത്തുന്നത് മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ ഭാഷകളിലാണ്. വിവിധ ഭാഷയിൽ തർജമ ചെയ്യുന്നത് ഒരു ഭാരിച്ച ഉത്തരവാദിത്വം തന്നെയാണ്. ഹിന്ദി മേഖലയിൽനിന്നും മൂന്ന് നാല് പേരെ ഇതിനായി നല്കുകയും അവരുടെ ഉത്തരവാദിത്വത്തിൽ തർജമയും മറ്റും ചെയ്യാൻ തയ്യാറെങ്കിൽ ഫരീദാബാദിൽ പരീക്ഷനടത്താനാകുമെന്നും അച്ചൻ അറിയിച്ചു.

ഫരീദാബാദിൽ ലോഗോസ് രജിസ്ട്രേഷൻ എണ്ണം വർധിപ്പിക്കുന്ന തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു എന്ന് വൈസ്ചെയർമാൻ അറിയിച്ചു. മാർച്ച് 6-ാം തിയതി ഡയറക്ടർമാരുടെ മീറ്റീംഗ് കൂടാൻ തീരുമാനിച്ചു.

ലോഗോസിന്റെ രജിസ്ട്രേഷനും ചോദ്യപേപ്പർ വിതരണത്തിനും മറ്റും ഫൊറോനാതലത്തിൽ കോ-ഓർഡിനേഷൻ ഉണ്ടാവണം. അത് കാര്യങ്ങൾ സുഗമമാക്കാൻ സഹായകമാകുമെന്നും എല്ലാ രൂപതകളിലും റിസൾട്ട് വരുന്ന ഡേറ്റ് ഏകോപിപ്പിക്കുന്നത് നല്ലതായിരിക്കുമെന്നും ജോയിന്റ് സെക്രട്ടറി അഭിപ്രായപ്പെട്ടു. എല്ലാ രൂപതകളും ഒരേ തിയതിയിൽ റിസൾട്ട് പ്രഖ്യാപനം വയ്ക്കുന്നത് പ്രായോഗികമാവില്ലെന്ന് സെക്രട്ടറി അച്ചൻ അറിയിച്ചു.

നമ്മുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രചാരണം കേരളത്തിനുപുറ ത്തേക്ക് വ്യാപിപ്പിക്കേണ്ടതുണ്ട് എന്ന നിർദേശം ഉണ്ടായി. കേരളകത്തോലിക്കാ സഭയിൽ മാത്രമേ സാധ്യമാകൂ എന്നും അത്തരത്തിലുള്ള നീക്കങ്ങൾ പലതരത്തിലും എതിർപ്പുകൾ സൃഷ്ടിക്കുമെന്നും സെക്രട്ടറി അച്ചൻ സൂചിപ്പിച്ചു. ബൈബിൾ അപ്പസ്തോലേറ്റ് എന്നൊരു സംഘടന ഉണ്ടെന്ന കാര്യംപോലും പല രൂപതകളിലും ഇപ്പോഴും അറിവില്ല. അവരെ ഒന്നുകൂടി ശക്തിപ്പെടുത്തി ഒരു ഐഡന്റി ഉണ്ടാക്കി കൊടുക്കാനുള്ള ശ്രമങ്ങൾ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണം എന്ന നിർദേശം വന്നു. ലോഗോസിന്റെ രജിസ്ട്രേഷൻ ഫീസ് 10ൽനിന്ന് 20 രൂപയാക്കിയതിന്റെയും ഉദ്ദേശം ബൈബിൾ അപ്പസ്തോലേറ്റിനെ കൂടുതൽ ശക്തിപ്പെടുത്തുകയും അവർക്ക് പ്രവർത്തിക്കാനുള്ള ഫണ്ട് ഇതിലൂടെ ലഭിക്കാൻവേണ്ടിയാണെന്നും വൈസ്ചെയർമാൻ സൂചിപ്പിച്ചു. ബൈബിൾ പ്രവർത്തനങ്ങളുടെ ഒരു ഡോക്യുമെന്ററി തയ്യാറാക്കി രൂപതകളിൽ പ്രദർശിപ്പിക്കാവുന്നതാണെന്ന് ടോണി അച്ചൻ നിർദേശം നല്കി. ജൂബിലി വർഷത്തിലെ ലോഗോസ് ക്വിസ്സിന് വളരെ അധികം പ്രചാരണം നല്കുന്നതിന് സോഷ്യൽമീഡിയപോലെയുള്ള മാധ്യമങ്ങൾ ഉപയോഗപ്പെടുത്താവുന്ന താണെന്ന് പിഒസി ഡയറക്ടർ അഭിപ്രായപ്പെട്ടു.

ലോഗോസ് ക്വിസുമായി ബന്ധപ്പെടുത്തി നാം ബധിരർക്കായും ഫാമിലികൾക്കായും ക്വിസ് നടത്തുന്നുണ്ടെന്ന കാര്യം രൂപതകളിലെ ആളുകൾ അറിഞ്ഞിട്ടില്ലെന്നും അതിനെപ്പറ്റി ഇനിയും പ്രചരിപ്പിക്കേണ്ടത് ആവശ്യ മാണെന്നും വൈസ്ചെയർമാൻ ഓർമിപ്പിച്ചു.

കണക്കുകൾ പരിശോധിക്കുന്നതിനുവേണ്ടി ഇന്റേണൽ ഓഡിറ്റർമാരായി കഴിഞ്ഞ തവണ വച്ചിരുന്ന പാനലായ ശ്രീ. ഫ്രാൻസിസ് ജോർജ്, ശ്രീ. തോമസ് പോൾ, ശ്രീമതി. കൊച്ചുത്രേസ്യ സൈമൺ എന്നിവരെ യോഗം ചുമതലപ്പെടുത്തി.

ടോണി അച്ചൻ മീറ്റിംഗിൽ സംബന്ധിച്ച എല്ലാവർക്കും നന്ദി അർപ്പിച്ചു. ഡയറക്ടർ അച്ചന്റെ ആശിർവാദത്തോടെ മീറ്റിംഗ് 1.00മണിക്ക് അവസാനിച്ചു. മീറ്റിംഗിൽ 19 അംഗങ്ങൾ പങ്കെടുത്തു. സമ്മാനമായി വി. പൗലോസ് അപ്പസ്തോലന്റെ ലേഖനങ്ങൾക്ക് ഒരാമുഖം എന്ന പുസ്തകവും പെർഫ്യൂംഡ് മെഴുകുതിരിയും എല്ലാവർക്കും നല്കി.

# പ്രവർത്തന റിപ്പോർട്ട്

കേരളസഭയിൽ ദൈവവചനത്തോടുള്ള ആഭിമുഖ്യം വളർത്താനും വചനപഠനത്തിൽ ആഴപ്പെടാനുമുള്ള ശുശ്രൂഷകളിൽ കേരളകത്തോലിക്കാ ബൈബിൾ സൊസൈറ്റി ഏർപ്പെട്ടിരിക്കുന്നു.

കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ വാർഷിക പൊതു യോഗം 2024 ജൂൺ 29ന് പി.ഒ.സി.യിൽവച്ചു നടന്നു. 104 അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചു. ലോഗോസ് ബുള്ളറ്റിൻ ജൂൺ മാസത്തിൽ എല്ലാം സൊസൈറ്റി അംഗങ്ങൾക്കും പോസ്റ്റു ചെയ്തു നൽകി.

ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലുള്ള ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെ കോൺടാക്റ്റ് ക്ലാസ് 2024 മെയ് 8ന് നടത്തപ്പെട്ടു. കോറിന്തോസുകാർക്കെഴുതിയ ലേഖനമായിരുന്നു വിഷയം. റവ. ഡോ. തോമസ് വടക്കേൽ അച്ചൻ ക്ലാസുകൾ നയിക്കുകയും ഉച്ചകഴിഞ്ഞ് 3.15ന് ചേർന്ന അനുമോദനസമ്മേളനത്തിൽ കോഴ്സ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നടത്തുകയും ചെയ്തു.

പരിഷ്ക്കരിച്ച പി.ഒ.സി ബൈബിളിന്റെ തിരുത്തൽ ജോലികൾ പൂർത്തീകരിച്ചു.

ബുധനാഴ്ചകളിലെ സായാഹ്ന ബൈബിൾ ക്ലാസിന്റെ ഉദ്ഘാടനം 2024 ജൂൺ 5ന് അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവ് നിർവഹിച്ചു.

ലോഗോസ് 2024 രൂപതാതല പരീക്ഷയുടെ സെന്ററുകളിൽ എല്ലാ എക്സിക്യൂട്ടീവ്-മാനേജിംഗ് കൗൺസിൽ അംഗങ്ങളും സന്ദർശിച്ചു. ലോഗോസ് സമ്മാനപുസ്തകങ്ങളുടെ വിതരണം പൂർത്തിയാക്കി. 2024ലെ മേഖലാതല ലോഗോസ് ക്വിസ് വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ നേതൃത്വത്തിൽ ഫരീദാബാദിൽ വച്ച് നടത്തുകയുണ്ടായി. നാല് സെന്ററുകളിലായി 2024ലെ  ലോഗോസ് നടത്തപ്പെട്ടു. മെഗാഫൈനൽ നവംബർ 23,24 തീയതികളിൽ പി.ഒ.സി.യിൽ വച്ച് നടന്നു. ഭിന്നശേഷിക്കാർക്കുള്ള ലോഗോസ് ക്വിസും കുടുംബങ്ങൾക്കായുള്ള ഫാമിലി ക്വിസും സംഘടിപ്പിക്കപ്പെട്ടു. തൃശൂർ അതിരൂപതയിൽനിന്നുള്ള ശ്രീമതി. ജാസ്മിൻ ജോസ് സ്പെഷ്യൽ ലോഗോസ് വിഭാഗം ഒന്നാം സ്ഥാനം നേടിക്കൊണ്ട് 3000 രൂപ ക്യാഷ് അവാർഡും മെഡലും ട്രോഫിയും കരസ്ഥമാക്കി. ഫാമിലി ലോഗോസ് ക്വിസിൽ ഇരിങ്ങാലക്കുട രൂപതയിൽനിന്നും ശ്രീമതി സിനി ജോൺ & ഫാമിലി ഒന്നാം സ്ഥാനം നേടിക്കൊണ്ട് 10000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും മെഡലും ട്രോഫിയും കരസ്ഥമാക്കി. കോതമംഗലം രൂപതയിൽനിന്നുള്ള ജിസ്മോൻ സണ്ണി ലോഗോസ് പ്രതിഭാ പട്ടം ചൂടി. ഉച്ചകഴിഞ്ഞ് നടന്ന സമ്മേളനത്തിൽ കെ.സി.ബി.എസ് ചെയർമാൻ റൈറ്റ്. റവ.ഡോ. ജെയിംസ് ആനാപറമ്പിൽ പിതാവ് വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ സ്പോൺസർ ചെയ്യുന്ന 25000 രൂപയും സൗത്ത് ഇൻഡ്യൻ ബാങ്ക് വെണ്ണല ബ്രാഞ്ച് സ്പോൺസർ ചെയ്ത 25000 രൂപയും സ്വർണമെഡലും സർട്ടിഫിക്കറ്റും ലോഗോസ് പ്രതിഭ കരസ്ഥമാക്കി. പ്രതിഭയുടെ രൂപതയ്ക്കുള്ള എവർ റോളിംഗ് ട്രോഫി, പ്രതിഭയും രൂപതാംഗങ്ങളും ഏറ്റുവാങ്ങി.

ലോഗോസ് ക്വിസിന് ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച

രൂപതകൾ, ഇടവകകൾ, അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ ചേർത്തുകൊണ്ട് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് 3000, 2000, 1000 എന്നിങ്ങനെ ക്യാഷ് അവാർഡും മെമന്റോയും നൽകി ആദരിക്കുകയുണ്ടായി.

ഈ വർഷത്തെ ബൈബിൾ പാരായണമാസം ഡിസംബർ മാസത്തിൽ സമുചിതമായി ആചരിച്ചു. ഈ വർഷവും ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ രൂപതകളിൽ ബൈബിൾ അഖണ്ഡപാരായണം സംഘടിപ്പിച്ചു. ബൈബിൾ പാരായണത്തിന്റെ ഉദ്ഘാടനം ഡിസംബർ 1ന് സെന്റ്. റാഫേൽ, തൈക്കൂടം പള്ളിയിൽവച്ച്  വരാപ്പുഴ അതിരൂപത സഹായ മെത്രാൻ റവ. ഡോ. ആന്റണി വാലുങ്കൽ പിതാവ് ഉദ്ഘാടനം നിർവഹിച്ചു. ബൈബിൾ പാരായണമാസ സമാപനം വരാപ്പുഴ അതിരൂപതയിലെ അവർ ലേഡി ഓഫ് പെർപെചൽ പെൽപ്, ഓച്ചൻതുരുത്ത് ഇടവകയിൽ വച്ച് നടത്തപ്പെട്ടു.

സൊസൈറ്റിയുടെ ഇന്റേണൽ ഓഡിറ്റിംഗ് നടത്തുന്നതിന് ശ്രീ. തോമസ് പോൾ, മുൻ ജോയിന്റ് സെക്രട്ടറി ശ്രീമതി. കൊച്ചുത്രേസ്യ സൈമൺ, മാനേജിംഗ് കൗൺസിൽ അംഗം ശ്രീ. ഫ്രാൻസിസ് ജോർജ് എന്നിവരെ യോഗം നിർദേശിച്ചു. ഈ വർഷത്തെ ബൈബിൾ ഞായർ 2024 ഡിസംബർ 22ന് ആചരിക്കപ്പെട്ടു. ലോഗോസ് ക്വിസ് 2025ന്റെ പോസ്റ്റർ മാർച്ച് 6നു ചേർന്ന ഡയറക്ടേഴ്സ് മീറ്റിംഗിൽ പിഒസി ഡയറക്ടർ ഫാ. തോമസ് തറയിൽ റിലീസ് ചെയ്തു. ബൈബിൾ കമ്മീഷന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളിലൊന്നായ ബൈബിൾ പഴയനിയമം പകർത്തിയെഴുത്തിന്റെ കർമപരിപാടികൾ ആസൂത്രണം ചെയ്യുകയും നിർദേശങ്ങളടങ്ങിയ പോസ്റ്ററുകൾ രൂപതയ്ക്ക് നൽകുകയും ചെയ്തു. ബൈബിൾ പകർത്തിയെഴുത്തിന്റെ ഉദ്ഘാടന കർമം 2025 മാർച്ച് മാസം 25നും സമാപനം ഡിസംബർ 21നും ആചരിക്കുവാൻ തീരുമാനിച്ചു. പുതിയനിയമം ബൈബിൾ പകർത്തിയെഴുത്തിന്റെ റിസൾട്ട് പ്രഖ്യാപിക്കുകയും വിജയികൾക്കുള്ള സമ്മാനപുസ്തകങ്ങൾ നല്കുകയും ചെയ്തു.

സായാഹ്ന ബൈബിൾ ക്ലാസിന്റെ സമാപനം 2025 മാർച്ച് 26നായിരുന്നു. കോഴ്സ് വിജയകരമായി പൂർത്തീകരിച്ചവർക്ക് ട്രോഫികളും സർട്ടിഫിക്കറ്റ് വിതരണവും അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവ് നിർവഹിച്ചു. പി.ഒ.സി. ഡയറക്ടർ റവ. ഫാ തോമസ് തറയിൽ  ചടങ്ങിൽ സംബന്ധിച്ചു.

ജൂബിലി ലോഗോസ് ക്വിസ്സിൽ പങ്കാളിത്തം വർധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ രൂപതകളിലേയും അഭിവന്ദ്യ പിതാക്കന്മാരെയും ഫാമിലി, ബി.സി.സി., വേദപാഠം, യൂത്ത്  എന്നീ കോ-ഓർഡിനേറ്റർമാരും കെ.സി. ബി.സി. ബൈബിൾ കമ്മീഷനും ചേർന്നുകൊണ്ടുള്ള മീറ്റിംഗുകൾ രൂപതകളിൽ സംഘടിപ്പിക്കപ്പെട്ടു.

കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ഈ വർഷം രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. റവ. ഡോ. ജേക്കബ് പ്രസാദച്ചന്റെ രണ്ടു വാല്യങ്ങളിലായി ഇറങ്ങിയ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾക്ക് ഒരാമുഖം ആണ് 2024ലെ പ്രസിദ്ധീകരണങ്ങൾ.

## സൊസൈറ്റി അംഗത്വത്തിന്റെ നില വെളിവാക്കുന്ന പട്ടിക

| അംഗത്വം | പുതുക്കിയ നിരക്ക് | 11.12.90 മുതൽ 31.3.24 വരെ | 1.4.24 മുതൽ 31.3.25 വരെ | ആകെ* |
|---|---|---|---|---|
| ഓർഡിനറി | | 7200 | 0 | 7200 |
| സ്പെഷ്യൽ | 1000 | 4145 | 19 | 4164 |
| ലൈഫ് | 2000 | 2620 | 5 | 2625 |
| സ്പെഷ്യൽ ലൈഫ് | 10000 | 169 | 0 | 169 |
| സ്പോൺസർ ലൈഫ് | 20000 | 79 | 1 | 80 |
| ഇൻസ്റ്റിറ്റ്യൂഷൻ | 20000 | 197 | 1 | 198 |
| പാരിഷ് ഓർഡിനറി | 5000 | 219 | 0 | 219 |
| പാരിഷ് ലൈഫ് | 20000 | 50 | 0 | 50 |
| **ആകെ** | | 14679 | 26 | 14705 |

* അപ്ഗ്രേഡു ചെയ്ത അംഗത്വങ്ങൾ ഉൾപ്പെടെ

### ബൈബിൾ വിതരണം

2024-2025 സാമ്പത്തികവർഷം ബൈബിൾ സൊസൈറ്റി അംഗങ്ങൾക്കും രൂപതകൾക്കുമായി സബ്സിഡി നിരക്കിൽ 10575 ബൈബിളുകൾ നല്കപ്പെട്ടു. ഇതിനായി 3,70,135 രൂപ സൊസൈറ്റി ചെലവഴിച്ചു. പുതുതായി ചേർന്ന അംഗങ്ങൾക്കായി 69 ബൈബിളുകൾ സൗജന്യമായി നല്കുകയുണ്ടായി.

## ലോഗോസ് ക്വിസ് 2026

### പഠനഭാഗങ്ങൾ

**റൂത്ത് 1-4; സഭാപ്രസംഗകൻ 1-6; വി. യോഹന്നാൻ 1-12; ഗലാത്തിയ 1-6; 1 സാമുവൽ 1-7**




## കെ.സി.ബി.എസ്. വാർഷികപൊതുയോഗം 29 ജൂൺ 2024




കേരളകാത്തലിക് ബൈബിൾ സൊസൈറ്റിയുടെ വാർഷിക പൊതുയോഗം 2024 ജൂൺ 29ന് പി.ഒ.സി.യിൽവച്ചു നടന്നു.

.

# 24-ാം അഖില കേരള ലോഗോസ് ക്വിസ്
# 4-ാം സ്ഥാനം നേടി മെഡലിനും
# 1000 രൂപയ്ക്കും സർട്ടിഫിക്കറ്റിനും അർഹരായവർ

## A Group

1. ദിയ അന്ന സജീവ് - ഇടുക്കി രൂപത
2. അഡോൺ എബ്രഹാം - കോതമംഗലം രൂപത
3. എയ്ഞ്ചൽ ലിറ്റോ - എറണാകുളം - അങ്കമാലി അതിരൂപത
4. ലെവിൻ സുനിൽ - താമരശ്ശേരി രൂപത
5. ആന്റോ ജോസ് - ഫരീദാബാദ് രൂപത
6. ക്രിസ്റ്റോ ജോർജ് - പാലാ രൂപത
7. ജുവാനിറ്റ ജോസ് പോൾ - ഇരിങ്ങാലക്കുട രൂപത

## B Group

1. അൽന റോസ് - എറണാകുളം - അങ്കമാലി അതിരൂപത
2. ആൽഫിയ C.R - തൃശ്ശൂർ അതിരൂപത
3. മരിയ ജിജോ - പാലക്കാട് രൂപത
4. റിവ റോസ് K.R - ഇരിങ്ങാലക്കുട രൂപത
5. മെഷേക് ജോസഫ് - കൊല്ലം രൂപത
6. ജോ. J. വാഴപ്പിള്ളി - ഇരിങ്ങാലക്കുട രൂപത
7. ആൻ ടോജോ - എറണാകുളം - അങ്കമാലി അതിരൂപത

## C Group

1. ക്രിസ്റ്റി വിൻസെന്റ് - കോട്ടപ്പുറം രൂപത
2. ശില്പ ബ്രൂസ് - തിരുവനന്തപുരം ലത്തീൻ അതിരൂപത
3. ഡാനി ജോർജ് - എറണാകുളം - അങ്കമാലി അതിരൂപത
4. ഒലിവിയ എലിസബത്ത് ബിനോയ്- പാലക്കാട് രൂപത
5. സി. സൗമ്യ ജോസ് CSS - പാലാ രൂപത
6. ആതിര ജോവർഗീസ് - ഇരിങ്ങാലക്കുട രൂപത
7. ആഷിത ബെന്നി SH - കോതമംഗലം രൂപത

## D Group

1. ജോസഫ് ചാക്കോ - കാഞ്ഞിരപ്പള്ളി രൂപത
2. അനീറ്റ തോമസ് - പാലാ രൂപത
3. റാണി ആന്റണി - ആലപ്പുഴ രൂപത
4. ഷെർമി കാർമു - കോട്ടപ്പുറം രൂപത
5. ടീന ടോമി - മാണ്ഡ്യ രൂപത
6. രേഖ ജോസ് - ചങ്ങനാശ്ശേരി രൂപത
7. സോജി ചാക്കോ - ചങ്ങനാശ്ശേരി അതിരൂപത

## E Group

1. മോളി മാത്യു - വിജയപുരം രൂപത
2. ബാബു പോൾ - പാലാ രൂപത
3. റോസിലി ബെന്നി - കോതമംഗലം രൂപത
4. സെലിൻ മാത്യു - മാണ്ഡ്യ രൂപത
5. ഷീജ ഡേവിസ് - തൃശ്ശൂർ അതിരൂപത
6. ജാൻസി ഡേവിസ് - ഇരിങ്ങാലക്കുട രൂപത
7. മോളി സാബു - ഇടുക്കി രൂപത

## F Group

1. മാത്യു തൈക്കുന്നുംപുറത്ത് - താമരശ്ശേരി രൂപത
2. ലൈല ജോൺ - പാലക്കാട് രൂപത
3. മേരി തോമസ് - ഇരിങ്ങാലക്കുട രൂപത
4. എൽസി ജോസ് - തൃശ്ശൂർ അതിരൂപത
5. ഏലിക്കുട്ടി തോമസ് - കോതമംഗലം രൂപത
6. അന്ന E.M - തലശ്ശേരി അതിരൂപത
7. മേരി മോസസ് - ഇരിങ്ങാലക്കുട രൂപത


**ഇരുപത്തഞ്ചാം അഖിലകേരള ലോഗോസ് ക്വിസ് - 2025**

**പാഠഭാഗങ്ങൾ**

ന്യായാധിപന്മാർ 11-21; പ്രഭാഷകൻ 41-50; ലൂക്കാ 17-24;
പൗലോസ് എഫേസോസുകാർക്ക് എഴുതിയ ലേഖനം 1-6

**രജിസ്ട്രേഷൻ**

ആരംഭിക്കുന്നത്: 2025 ജൂൺ 1-ന്
അവസാനിക്കുന്നത്: 2025 ജൂലൈ 31ന്

**പരീക്ഷാ സമയം**

രൂപതാതലം: 2025 സെപ്തംബർ 28; 2.00 P.M - 3.30 P.M
സംസ്ഥാനതലം: 2025 നവംബർ 9; ഫൈനൽ: 2025 നവംബർ 22-23

**ഗ്രൂപ്പുകൾ**

A വിഭാഗം - 1.1.2014 നും അതിനുശേഷവും ജനിച്ചവർ
B വിഭാഗം - 1.1.2009 നും 31.12.2013 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം - 1.1.1994 നും 31.12.2008 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം - 1.1.1974 നും 31.12.1993 നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം - 1.1.1961 നും 31.12.1973 നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം - 31.12.1960 നും അതിനുമുമ്പും ജനിച്ചവർ

**ഓൺ-ലൈൻ രജിസ്ട്രേഷന്: www.logosquiz.org**


visit: www.keralabiblesociety.com


# ജിസ്മോൻ സണ്ണി ലോഗോസ് പ്രതിഭ



ലോകത്തിലെ ഏറ്റവും വലിയ ക്വിസ് പ്രോഗ്രാമായ 24-ാമത് അഖിലേന്ത്യാ ലോഗോസ് ക്വിസ് ഗ്രാൻഡ് ഫിനാലെയിൽ കോതമംഗലം രൂപതയിൽനിന്നുള്ള മാസ്റ്റർ ജിസ്മോൻ സണ്ണി ലോഗോസ് പ്രതിഭയായി. പതിനൊന്നു വയസ്സുകാരനായ ജിസ്മോൻ, കല്ലൂർക്കാട് സെന്റ്. അഗസ്റ്റിൻസ് ഹയർ സെക്കന്ററി സ്കൂളിലെ ആറാം ക്ലാസ്സ് വിദ്യാർഥിയാണ്. നാലരലക്ഷത്തോളം പേർ പങ്കെടുത്ത പരീക്ഷയിൽ 600 പേർ രണ്ടാം റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു, ഫൈനൽ റൗണ്ടിലേക്ക് ആറുപേർ യോഗ്യത നേടി. അതിൽനിന്നും ലോഗോസ് പ്രതിഭ സ്വർണമെഡലും 65000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും ജിസ്മോൻ സണ്ണി കരസ്ഥമാക്കി.

## പുതിയ പ്രസിദ്ധീകരണങ്ങൾ




റവ. ഡോ. ജേക്കബ് പ്രസാദ് അച്ചന്റെ വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ ലേഖനങ്ങൾക്ക് ഒരാമുഖം എന്ന പുസ്തകം ഒന്നും മൂന്നും വാല്യങ്ങളാണ് 2024 ലെ കെ.സി.ബി.എസ്. പ്രസിദ്ധീകരണങ്ങൾ.

## ലോഗോസ് ക്വിസ് ഫമിലിയ

ദൈവവചനത്തിനായി ദാഹിക്കാത്തവർ ആരുമില്ല എന്നതിന്റെ മനോഹരമായ കാഴ്ചയായിരുന്നു കുടുംബങ്ങൾക്കായുള്ള ലോഗോസ് മത്സരം. പി.ഒ.സി.യിൽ വച്ചു നടന്ന സംസ്ഥാനതല മത്സരത്തിൽ 19 രൂപതകളിൽനിന്നും പങ്കെടുത്ത മത്സരാർഥികളിൽനിന്നും ഇരിങ്ങാലക്കുട രൂപതയിലെ **സിനി ജോൺ, & ഫാമിലി** ഒന്നാം സ്ഥാനത്തിനും കൊല്ലം രൂപത ജോസഫ് **ഡേവിഡ് & ഫാമിലി** രണ്ടാം സ്ഥാനത്തിനും തൃശ്ശൂർ അതിരൂപത **ആനി ദേവസ്സി & ഫാമിലി** മൂന്നാം സ്ഥാനത്തിനും അർഹതനേടി. ലോഗോസ് ഗ്രാന്റ് ഫിനാലെയുടെ സമാപനചടങ്ങിൽ വിജയികൾക്കുള്ള സമ്മാനങ്ങൾ നല്കപ്പെട്ടു.

## ലോഗോസ് ക്വിസ് ഭിന്നശേഷിക്കാർക്ക്

2024 നവംബർ 23ന് പി.ഒ.സി.യിൽ വച്ചു നടന്ന ബധിരർക്കായുള്ള ലോഗോസ് സംസ്ഥാനതല മത്സരത്തിൽ നിരവധി സ്കൂളുകളിൽനിന്നും പങ്കെടുത്ത കുട്ടികളിൽ ആദ്യ റൗണ്ടിൽ ആറുപേർ തിരഞ്ഞെടുക്കപ്പെട്ടു. ഫാ. ബിജു C.S.C യുടെയും സി. അഭയ F.C.C യുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ഫൈനൽ റൗണ്ടിൽ തൃശ്ശൂർ അതിരൂപതയിൽ നിന്നുള്ള **ജാസ്മിൻ ജോസ്** ഒന്നാം സ്ഥാനത്തിനും എറണാകുളം-അങ്കമാലി അതിരൂപതയിൽനിന്നുള്ള **അഭിഷേക് ജെയിംസ്** രണ്ടാം സ്ഥാനത്തിനും എറണാകുളം അങ്കമാലി അതിരൂപതയുടെ **നെഹൽ മരിയ ടോണി** മൂന്നാം സ്ഥാനത്തിനും അർഹതനേടി. ലോഗോസ് ഗ്രാന്റ് ഫിനാലെയുടെ സമാപനചടങ്ങിൽ സ്പെഷ്യൽ കാറ്റഗറി വിജയിക്കുള്ള സമ്മാനങ്ങൾ നല്കപ്പെട്ടു.

## *ലോഗോസ് ക്വിസ് 2025 ന്റെ പോസ്റ്റർ റിലീസ്*



**1. ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:**

I എറണാകുളം അതിരൂപത - 46446 – 3,000 രൂപ, മെമന്റോ

II തൃശൂർ അതിരൂപത - 38267 – 2,000 രൂപ, മെമന്റോ

III പാലാ രൂപത - 31192 – 1,000 രൂപ, മെമന്റോ

**2. അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:**

I രാമനാഥപുരം രൂപത - 21 % – 3,000 രൂപ, മെമന്റോ

II കണ്ണൂർ രൂപത - 15.8 % – 2,000 രൂപ, മെമന്റോ

III ഇടുക്കി രൂപത - 15.7 % – 1,000 രൂപ, മെമന്റോ

**3. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾ:**

I Our Lady of Perpetual Help, Ochanthuruth
(Arch Diocese of Verapoly) – 2025 – 3000 രൂപ, മെമന്റോ

II Major Archiepiscopal Marth Mariam Archdeacon Pilgrim Church,
Kuravilangad (Diocese of Palai) - 1801 – 2,000 രൂപ, മെമന്റോ

III St. George Basilica, Angamaly
(Arch Diocese of Ernakulam Angamaly) - 1424 – 1,000 രൂപ, മെമന്റോ

## ബൈബിൾ ഞായർ

2025 ലെ ബൈബിൾ ഞായർ ഡിംസംബർ 21

# ബൈബിൾ പാരായണമാസം



കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും വരാപ്പുഴ അതിരൂപത തൈക്കൂടം, സെന്റ് റാഫേൽസ് ഇടവകയുടേയും സംയുക്ത ആഭിമുഖ്യത്തിൽ വചനപാരായണമാസ ഉദ്ഘാടനം വരാപ്പുഴ അതിരൂപത സഹായ മെത്രാൻ റവ. ഡോ. ആന്റണി വാലുങ്കൽ പിതാവ് നിർവഹിച്ചു. 25 ദിവസം നീണ്ടുനില്ക്കുന്ന ബൈബിൾ പാരായണം ഇരിങ്ങാലക്കുട രൂപതയിലെ തുറവൻകുന്ന് ഇടവകയിൽ കെ.സി.ബി.സി. വൈസ്ചെയർമാൻ പോളി കണ്ണൂക്കാടൻ പിതാവ് ഉദ്ഘാടനം ചെയ്തു. ബൈബിൾ ഞായറായ ഡിസംബർ 22ന് എല്ലാ രൂപതകളിലും വിവിധങ്ങളായ ബൈബിൾ സംബന്ധിയായ ആഘോഷങ്ങൾ നടത്തപ്പെട്ടു. പാരായണമാസത്തിന്റെ സമാപനം ആഗോള സഭയിലെ 2025 ജൂബിലി വർഷത്തിന്റെ ഉദ്ഘാടനവും ബൈബിൾ പാരായണവും ഡിസംബർ 29ന് സെന്റ് ജൂഡ് മലങ്കര കാത്തലിക് ചർച്ച് കളമശ്ശേരിയിൽ നടത്തപ്പെട്ടു. ബൈബിൾ പാരായണമാസ സമാപനം വരാപ്പുഴ അതിരൂപതയിലെ ഓച്ചൻതുരുത്ത് നിത്യസഹായമാതാ പള്ളിയിൽ വച്ച് നടത്തപ്പെട്ടു.







| BIBLE SOCIETY AMBASSADORS | |
|---|---|
| O.T Alexander | Mary M.P |
| Jessy Jose | Mathew Paul .T |
| Anony P. Kurian | Julius Ruben |
| Johnson Kanjirathingal | Thomas Philip |
| Elvis Kottooran | Thejus Philip Thomas |
| Dr. Rex Thomas | Sajeev Sebastian |
| Dr. Annamma Mathew | |

## വചനസർഗ പ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

ദീർഘകാലം കെ.സി.ബി.സി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗ പ്രതിഭാ പുരസ്കാരത്തിന് 2025-ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയാണു പുരസ്കാരം ഏർപ്പെടു ത്തിയിരിക്കുന്നത്. 25000 രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം. **ബൈബിൾ വിജ്ഞാനീയമാണ് ഈ വർഷത്തെ വിഷയം.** (സൃഷ്ടിയുടെ കാലം, കർതൃത്വം, ലക്ഷ്യം, ചരിത്രം, ഫലങ്ങൾ, ഗുണഭോക്താക്കളുടെ വൈപുല്യം, സൃഷ്ടിയുടെ ഭാവിസാധ്യത കൾ, അടുത്ത പദ്ധതികൾ എന്നിവ വ്യക്തമാക്കണം.) (മലയാള ത്തിൽ മൂന്നു കോപ്പി വീതം നല്കണം) 2020 മുതലുള്ള രചനക ളാണ് സ്വീകരിക്കപ്പെടുക. ജാതിമതഭേദമെന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദേശിക്കാവുന്നതാണ്.

*2025 ഒക്ടോബർ 1-നു മുമ്പ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി., പാലാരിവട്ടം, പി.ബി. നമ്പർ 2251, കൊച്ചി - 682 025 എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്.*



LOGOS QUIZ
Organized by
KERALA CATHOLIC BIBLE SOCIETY OF
KCBC BIBLE COMMISSION
ജൂബിലി
ഫാമിലി
ലോഗോസ്
ക്വിസ്
2025
പഠനഭാഗം
ന്യായാധിപന്മാർ 11-21
പ്രഭാഷകൻ 41-50
ലൂക്കാ 17-24
എഫേസോസുകാർക്കുള്ള ലേഖനം 1-6
ഉപയോഗിക്കേണ്ട ബൈബിൾ
പി. ഒ. സി. ബൈബിൾ
NRSV Catholic Edition
രജിസ്ട്രേഷൻ ഫീസ് : 20 രൂപ
പരീക്ഷാ തീയതി
രൂപതാതലം: 2025 സെപ്റ്റംബർ 28
ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ
സംസ്ഥാനതലം നവംബർ 9
മെഗാ ഫൈനൽ നവംബർ 22–23
ഒന്നാം സമ്മാനം കിട്ടുന്ന ഫാമിലിക്ക് 25000 - ൽ പരം രൂപയുടെ സമ്മാനങ്ങൾ
രൂപതാ ഫാമിലി അപ്പസ്തോലേറ്റും (BCC), ബൈബിൾ അപ്പസ്തോലേറ്റും ഒന്നുചേർന്ന് ബൈബിൾ കൂടുതൽ കുടുംബങ്ങളിലേക്ക് എന്ന ലക്ഷ്യത്തിലേക്ക്
നിർദ്ദേശങ്ങൾ
ഒരു ഫാമിലിയിൽ കുറഞ്ഞത് രണ്ട് തലമുറയിൽ നിന്നുള്ള മൂന്ന് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം
ഒരു ഫാമിലിയിൽ എത്ര പേർക്ക് വേണമെങ്കിലും പങ്കെടുക്കാം
എത്രപേർ പങ്കെടുത്താലും രണ്ടു തലമുറയിൽ ഉൾപ്പെടുന്ന ഏറ്റവും കൂടുതൽ മാർക്കുവാങ്ങുന്ന മൂന്നുപേരുടെ മാർക്കുകളുടെ ശരാശരി കൂട്ടിയിട്ടാണ് ഫാമിലിയുടെ മാർക്ക് കണ്ടെത്തുക.
ഫാമിലിയിൽ രജിസ്റ്റർ ചെയ്യുന്ന വ്യക്തി, അതിനാൽതന്നെ വ്യക്തിപരമായ കാറ്റഗറി ഇനത്തിലും രജിസ്റ്റർ ചെയ്യപ്പെടുന്നതാണ്.
രജിസ്റ്റർ ചെയ്യുമ്പോൾ ഫാമിലി രജിസ്ട്രേഷൻ കൃത്യമായി നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക
ഏറ്റവും കൂടുതൽ പങ്കെടുപ്പിക്കുന്ന രൂപതയ്ക്ക് പ്രത്യേക സമ്മാനം
ഏറ്റവും കൂടുതൽ കുടുംബങ്ങളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് പ്രത്യേക സമ്മാനം
രജിസ്ട്രേഷൻ ആരംഭിക്കുന്നത് ജൂലൈ 1ന്, അവസാനിക്കുന്നത് ജൂലൈ 31ന്
രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2025 ജൂൺ 01
രജിസ്ട്രേഷൻ അവസാനിക്കുന്നത് 2025 ജൂലൈ 31
ബൈബിൾ കൂടുതൽ കുടുംബങ്ങളിലേക്ക്
രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും നിങ്ങളുടെ ഇടവകയിലോ ഏറ്റവും അടുത്ത കത്തോലിക്കാ സ്ഥാപനത്തിലോ ബന്ധപ്പെടുക
സംഘാടകർ : കേരള കാത്തലിക് ബൈബിൾ സൊസൈറ്റി പി. ഒ. സി. പാലാരിവട്ടം, കൊച്ചി - 682 025
www.keralabiblesociety.com

## ബൈബിൾ സായാഹ്ന ക്ലാസ് ഉദ്ഘാടനം



**ബുധനാഴ്ചകളിലെ സായാഹ്ന ബൈബിൾ ക്ലാസിന്റെ ഉദ്ഘാടനം 2024 ജൂൺ 5ന് അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവ് നിർവഹിച്ചു.**

## ബൈബിൾ സായാഹ്ന ക്ലാസ് സമാപനം



*സായാഹ്ന ബൈബിൾ ക്ലാസിന്റെ സമാപനം 2025 മാർച്ച് 26നായിരുന്നു. കോഴ്സ് വിജയകരമായി പൂർത്തീകരിച്ചവർക്ക് ട്രോഫികളും സർട്ടിഫിക്കറ്റ് വിതരണവും അഭിവന്ദ്യ ജെയിംസ് ആനാപറമ്പിൽ പിതാവ് നിർവഹിച്ചു. പി.ഒ.സി. ഡയറക്ടർ റവ. ഫാ തോമസ് തറയിൽ ചടങ്ങിൽ സംബന്ധിച്ചു.*

# Endowment of Logos Quiz

| | |
|---|---|
| Palackal Thoma Malpan Memorial | Logos Pratibha |
| Servant of God Msgr. Lawrence Puliyanath Memorial | 'A' group age category |
| Venerable Mother Eliswa Memorial | 'B' group age category |
| Mookkan Ouseph Anthony Memorial | 'C' group age category |
| Venerable Mathew Kadalikkattil Memorial | 'D' age group category |
| Servant og God Puthenparambil Thommachan Memorial | 'E' age group category |
| Jimmy George Thaliath Memorial | 'F' group age category |

## ബൈബിൾ സർട്ടിഫിക്കറ്റ് കോഴ്സ്

2025 ജൂൺ 4 മുതൽ 2026 മാർച്ച് 18 വരെ എല്ലാ ബുധനാഴ്ച കളിലും കെസിബിസി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പാലാരിവട്ടം പി.ഒ.സി. യിൽ വച്ച് വൈകിട്ട് 5.45 മുതൽ 7.30 വരെ ക്ലാസ്സുകൾ നടത്തപ്പെടുന്നു.

കേരളത്തിലെ പ്രമുഖ ബൈബിൾ പണ്ഡിതർ ക്ലാസുകളെടുക്കുന്നു. പഴയനിയമത്തിലെയും പുതിയ നിയമത്തിലെയും പ്രധാനപ്പെട്ട സ്ഥലങ്ങളും അവയുടെ പ്രാധാന്യവുമാണ് ഈ കോഴ്സിന്റെ പഠന വിഷയം.

***രജിസ്ട്രേഷന് താഴെ കാണുന്ന നമ്പറിൽ വിളിക്കുക.***
*7012304035, 9400544137*

## Family

1. സുബി & ഫാമിലി - നെയ്യാറ്റിൻകര രൂപത
2. ഡിൽജ മേരി & ഫാമിലി - പാലക്കാട് രൂപത
3. അന്ന റോസ് & ഫാമിലി - ഇരിഞ്ഞാലക്കുട

## Institution

1. സൺഡേ സ്കൂൾ, MCA - മൂവാറ്റുപുഴ രൂപത
2. KCWA - കോട്ടയം അതിരൂപത
3. സേക്രട്ട് ഹാർട്ട് യൂണിറ്റ് - കോട്ടപ്പുറം രൂപത

## Individual

1. ജെൻസി ജിജോ - ഇരിഞ്ഞാലക്കുട രൂപത
2. സി. റോസ് ലീന - എറണാകുളം അങ്കമാലി അതിരൂപത
3. രമ്യ അമൻ - മൂവാറ്റുപുഴ രൂപത